H 48
K13

പിതാവിൻ പക്കലേക്കു് - 3



# നമ്മുടെ രക്ഷകനായ ഈശോ

# നമ്മുടെ രക്ഷകനായ ഈശോ

മൂന്നാം ക്ലാസ്സ്

from
Fr. JOSEPH KANNATH
P.O.C. KERALA.
30.7.1969.

H48/K13

DHARMARAM COLLEGE LIBRARY, BANGALORE.
34018

P. O. C. PUBLICATIONS NO. 7

# നമ്മുടെ രക്ഷകനായ ഈശോ

## മൂന്നാം ക്ലാസ്സ്

### TEXT BOOK COMMITTEE

Mgr. Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L. D., Ph. D.
Mr. Joseph Anchanatt, M. A.
Fr. Joseph Kannath, (Diploma - Lumen Vitae)
Mr. Kurian Vempeni, B. O. L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Fr. Sebastian Thuruthel, M. A.
Miss Thressiakutty, (Diploma - Munich)
Fr. Xavier Cherupallikkatt, M. A.

P. O. C. Publications No. 7

Nihil Obstat — Very Rev. Fr. Dominic, O. C. D.,
and
Rev. Fr. John Kunnappally

Imprimatur — Cardinal Joseph Parecattil, Abp. of Ernakulam
Dr. Joseph Attipetty, Abp. of Verapoly
Dr. Benedict Mar Gregorios,
Abp. of Trivandrum
Dr. Mathew Kavukatt, Abp. of Changanacherry

Date — May 1, 1969

Published — by Pastoral Orientation Centre, Kerala - India

Copyright — (c) 1969 Pastoral Orientation Centre,
Kerala - India

All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher.

Printed — at The Orient Litho Press, Sivakasi

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | മാതാപിതാക്കന്മാരോട് | i |
| 1. | ദൈവത്തിൻെറ കരുണ | 1 |
| 2. | ദൈവജനം | 4 |
| 3. | ദൈവജനം ഒരുങ്ങുന്നു | 8 |
| 4. | സമയം സമാഗതമായി | 11 |
| 5. | ദൈവം നമ്മോടുകൂടെ | 16 |
| 6. | ദൈവത്തിൻെറ വഴികൾ | 20 |
| 7. | എല്ലാററിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക | 24 |
| 8. | അവനെ കേൾക്കുക | 29 |
| 9. | ഈശോ ദൈവവും മനുഷ്യനുമാകുന്നു | 32 |
| 10. | മഹത്തായ വാഗ്ദാനം | 36 |
| 11. | മലയിലെ പ്രസംഗം | 40 |
| 12. | ദൈവരാജ്യം | 44 |
| 13. | ഈശോ നേതാക്കന്മാരെ പരിശീലിപ്പിക്കുന്നു | 47 |
| 14. | "നീ പാറയാകുന്നു" | 51 |
| 15. | ജീവൻെറയും മരണത്തിൻെറയും നാഥൻ | 55 |
| 16. | ഓശാന | 59 |
| 17. | അനന്തസ്നേഹം | 62 |
| 18. | പിതാവിൻെറ ഇഷ്ടം നിറവേറട്ടെ | 65 |
| 19. | എല്ലാം പൂർത്തിയായി | 67 |
| 20. | ഉയിർപ്പ് | 71 |
| 21. | "നാഥാ, പിരിയരുതേ !" | 75 |
| 22. | ഞാൻ പിതാവിൻെറ അടുക്കലേയ്ക്കു പോകുന്നു | 78 |
| 23. | ഈശോ വാഗ്ദാനം നിറവേററുന്നു | 82 |
| 24. | നമ്മുടെ ബലി | 86 |
| | A. മലബാർ ക്രമത്തിൽ | 87 |
| | B. ലത്തീൻ ക്രമത്തിൽ | 92 |
| | C. മലങ്കര ക്രമത്തിൽ | 100 |
| 25. | "ഞാൻ വീണ്ടും വരും" | 107 |
| 26. | നാഥൻെറ സമ്മാനം | 111 |
| | ഏതാനും നമസ്കാരങ്ങൾ | 115 |

"പിതാവിൻപക്കലേയ്ക്കു"

# Catechetical Text Book Series for All Kerala

**Sponsored by**

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

## പ്രിയ മാതാപിതാക്കന്മാരേ,

"ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ സന്താനങ്ങളെ ക്രിസ്തീയ സത്യങ്ങളോടും സുവിശേഷ സുകൃതങ്ങളോടും ഇടപഴകി വളത്തണം" (2-ാം വത്തിക്കാൻ സൂനഹദോസ്, സഭ, ഖണ്ഡിക 41). ദൈവത്തിൽനിന്നു നിങ്ങൾ സ്വാഗതം ചെയ്യുകയാണ്, ശിശുക്കളെ. അവരുടെ ജനനത്തോടുകൂടെത്തന്നെ ആരംഭിക്കേണ്ട ഒന്നാണ് മതാഭ്യസനം. അവരുടെ വ്യക്തിത്വം രൂപംകൊള്ളുന്നതിനു നിങ്ങളുടെ നല്ല മാതൃക ഏററവും പ്രധാനമായ ഘടകമത്രേ.

ഈ പുസ്തകം വായിക്കുന്നതിനും പഠിക്കുന്നതിനും കുട്ടിക്കു നിങ്ങളുടെ സഹായം കൂടിയേതീരൂ. വേദപാഠക്ലാസ്സിൽ ഓരോ ആഴ്ചയിലും പഠിപ്പിക്കുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കമാണ് ഈ പുസ്തത്തിലെ ഓരോ പാഠവും. ചോദ്യങ്ങളും ഉത്തരങ്ങളും ഗ്രഹിക്കുന്നതിനും, 'പ്രവത്തിക്കാൻ' എന്ന ശീഷകത്തിൽ ഓരോ പാഠത്തിലും കാണുന്നവ പ്രായോഗികമാക്കുന്നതിനും കുട്ടിയെ സഹായിക്കണം. ഉത്തരങ്ങൾ മനഃപാഠമാക്കുന്നതിലല്ലല്ലോ മതപഠനത്തിൻെറ വിജയം.

"നമ്മുടെ രക്ഷകനായ ഈശോ" എന്ന ഈ ചെറുഗ്രന്ഥം ഈശോയോടുള്ള സ്നേഹത്തിൽ വളരുന്നതിനു നിങ്ങളുടെ കുട്ടിയെ സഹായിക്കാനായി തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിൻെറ പഠനംവഴി കുട്ടി മനസ്സിലാക്കും, ഈശോ തൻെറ സഹോദരനും സ്നേഹിതനും രക്ഷകനുമാണെന്ന്. ആരാധനക്രമത്തെക്കുറിച്ചു കിട്ടുന്ന ജ്ഞാനംവഴി വിശുദ്ധ കുർബാനയിലെ ഈശോയെ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനും കുട്ടിക്കു സാധിക്കും. ദൈവവചനം ശ്രദ്ധാപൂവ്വം ശ്രവിക്കുന്നതിനും ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും അവൻ പഠിക്കും.

ഈ ഗ്രന്ഥത്തിലെ ഓരോ പാഠത്തിനും മൂന്നുപ്രധാന ഭാഗങ്ങളുണ്ട്: തയ്യാറെടുപ്പ്, സന്ദേശം, സന്ദേശത്തിൻെറ സ്വീകരണം. തയ്യാറെടുപ്പ്: ചിത്രത്തോടെയാണു പാഠമാരംഭിക്കുക. ഒരനുഭവമോ സംഭവമോ കുട്ടിയെ മതബോധനത്തിലേക്കു നയിക്കുന്നു. സന്ദേശം: ദൈവവചനമോ പ്രധാനപ്പെട്ട ഏതെങ്കിലും ഒരാശയമോ ഓരോ പാഠത്തിനുമുണ്ട്. പാഠത്തിൻെറ കാതലായ ഈ ആശയത്തെയാണു സന്ദേശമെന്നു പറയുക. സന്ദേശസ്വീകരണം: ദൈവത്തിൽനിന്നുള്ള സന്ദേശത്തെ ഫലപ്രദമായി സ്വീകരിക്കാൻ കുട്ടിക്കു സാധിക്കണം. പ്രാർത്ഥന, ഗാനം, അനുഷ്ഠാനം ഇവയിലൂടെ സന്ദേശസ്വീകരണം ഫലപ്രദമാക്കാം. മനശ്ശാസ്ത്രപരമായ പുതിയ അറിവുകളുടെ വെളിച്ചത്തിൽ മതപഠനം സരളവും ആകർഷകവും പ്രായോഗികവുമാക്കാനുള്ള പരിശ്രമമാണ് ഈ ഗ്രന്ഥം. ഏററവും ഫലപ്രദമായി ഇതിലെ പാഠങ്ങൾ അഭ്യസിക്കുന്നതിനു് ഇതിൻെറ "അദ്ധ്യാപകസഹായി" ഒരു വലിയ അനുഗ്രഹമായിരിക്കും, അദ്ധ്യാപകർക്കു മാത്രമല്ല മാതാപിതാക്കൾക്കും.

മതാഭ്യസനത്തിൽ കുട്ടിയെ സഹായിക്കാൻ പലവിധത്തിൽ നിങ്ങൾക്കു കഴിയും: നിങ്ങളുടെ താൽപര്യവും അഭിനന്ദനങ്ങളും ശാന്തതയും ക്ഷമയും കുട്ടിക്കു പ്രോത്സാഹനം നല്കട്ടെ. കുട്ടിയോടൊന്നിച്ചു പുസ്തകം വായിക്കുക, കുട്ടിയെക്കൊണ്ടു വായിപ്പിക്കുക, വേദപുസ്തകഭാഗങ്ങൾ വിശദീകരിക്കുക, പ്രയാസമുള്ള പദങ്ങളും ഭാഗങ്ങളും ലളിതമാക്കിക്കൊടുക്കുക, ചോദ്യങ്ങൾ ചോദിക്കുക, ഉത്തരങ്ങൾ നല്കുക, പാഠത്തെ ആസ്പദമാക്കി ചിത്രങ്ങൾ വരയ്ക്കാനോ പാട്ടുകൾ പാടാനോ അഭിനയങ്ങൾ നടത്താനോ സൽപ്രവൃത്തികൾ ചെയ്യാനോ കുട്ടിയെ പ്രേരിപ്പിക്കുക മുതലായവയെല്ലാം നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്ന മാർഗ്ഗങ്ങളാണു്. സർവ്വോപരി, നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിനു് ഇക്കാര്യത്തിൽ പ്രാധാന്യമുണ്ടെന്നു് അനുസ്മരിക്കുക.

നിങ്ങളുടെ കുട്ടി ക്രമമായും കൃത്യസമയത്തും ക്ലാസ്സിൽ വരുന്നതിനും ആത്മാർത്ഥതയോടും അഭിമാനത്തോടുംകൂടെ മതാഭ്യസനം നടത്തുന്നതിനും കുട്ടിക്കു് നിങ്ങളുടെ സഹകരണം അനുപേക്ഷണീയമത്രേ.

"പിതാവിൻ പക്കലേയ്ക്കു" എന്ന പൊതുശീർഷകത്തിൽ "പാസ്റ്ററൽ ഓറിയെൻറേഷൻ സെൻറർ" പ്രസിദ്ധീകരിക്കുന്ന മൂന്നാമത്തെ ഗ്രന്ഥമാണ് "നമ്മുടെ രക്ഷകനായ ഈശോ." ഈ ഗ്രന്ഥ പരമ്പര On Our Way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ അനുകരണമാണ്.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടേയും പ്രയത്നവും ഫലമണിഞ്ഞതാണ് ഈ ഗ്രന്ഥ പരമ്പര. പാകപ്പിഴകളും പോരായ്മകളും ഇവയിൽ വന്നിരിക്കാം. അവ പരിഹരിക്കാൻ ലഭിക്കുന്ന ആദ്യത്തെ അവസരം ഞങ്ങൾ സസന്തോഷം ഉപയോഗിക്കുന്നതാണ്. നിസ്സ്വാർത്ഥമായ സേവനപാരമ്പര്യവും സന്മനസ്സുമുള്ള പലരും സഹകരണബുദ്ധ്യാ നല്കിയ ഗാനങ്ങൾ * , നിർദ്ദേശങ്ങൾ, സഹായങ്ങൾ മുതലായവ വിസ്മരിക്കാവുന്നതല്ല. ഈ ഗ്രന്ഥപരമ്പര കേരളത്തിലുടനീളം ഒരു നവചൈതന്യം പ്രസരിക്കുന്നതിന്നിടവരുത്തുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. നാളത്തെ തലമുറയെ, വഴിയും സത്യവും ജീവനുമായ ക്രിസ്തുവിലൂടെ സ്നേഹനിധിയായ പിതാവിങ്കലേയ്ക്കു നയിക്കുന്നതിനു പരിശുദ്ധാത്മാവിൻെറ പ്രകാശം നമുക്ക് പ്രാർത്ഥിക്കാം.

എന്നു,

P. O. C., കമ്മിററിക്കുവേണ്ടി

19-3-1969 ഫാ. ജോസഫ് കണ്ണത്തു്.

* 4, 5, 7, 9, 11, 15 പാഠങ്ങളിലേതു് – ശ്രീ ഉലകംതറ.
16, 20 പാഠങ്ങളിലേതു് – ഫാ. ആബേൽ.
6–ാം പാഠത്തിലേതു് – ഫാ. ഫോസ്റ്റിൻ കപ്പൂച്ചിൻ.
19–ാം പാഠത്തിലേതു് – "ദിവ്യബലി ഗാനങ്ങൾ".



# I

# ദൈവത്തിൻെറ കരുണ

ദൈവം ആദത്തേയും ഹവ്വയേയും തൻെറ മക്കളായി സൃഷ്ടിച്ചു; തൻെറ ജീവനിൽ അവരെ പങ്കുകാരാക്കി. അവർ സ്വർഗ്ഗസൗഭാഗ്യമനുഭവിക്കണമെന്നു് അവിടുന്നു് ആഗ്രഹിച്ചു. പക്ഷേ, ആദവും ഹവ്വയും ദൈവത്തെ ധിക്കരിച്ചു്, പാപം ചെയ്തു. അങ്ങനെ അവർക്കു പ്രസാദവരം നഷ്ടപ്പെട്ടു.

അവക്കും അവരുടെ സന്തതികൾക്കും സ്വർഗ്ഗവും നഷ്ട മായി.

ആദത്തിൻേറയും ഹവ്വയുടേയും പാപം നിമിത്തം മരണവും വേദനയും ലോകത്തിലേക്കു കടന്നുവന്നു. അ വർ പാപത്തെക്കുറിച്ചു മനസ്തപിച്ച്, ദൈവത്തോടു ക്ഷമ യാചിച്ചു. അവരുടെ മേൽ കരുണ തോന്നി ദൈവം അവരെ രക്ഷിക്കാൻ തിരുമനസ്സായി. നഷ്ടപ്പെട്ട സ്വർഗ്ഗ ഭാഗ്യം അവക്കു നേടിക്കൊടുക്കുവാൻ ഒരു രക്ഷകനെ അ യയ്ക്കാമെന്നു് അവിടുന്നു് അവരോടു വാഗ്ദാനം ചെയ്തു.

ഒരു രക്ഷകനെ അയയ്ക്കുമെന്നുള്ള ദൈവത്തിൻേറ വാഗ്ദാനം ബൈബിൾ, അഥവാ, വേദപുസ്തകം എന്നറിയ പ്പെടുന്ന വിശുദ്ധഗ്രന്ഥത്തിലാണു രേഖപ്പെടുത്തിയിരി ക്കുന്നതു്. ദൈവവചനമാണു് അതിൽ എഴുതപ്പെട്ടിരി ക്കുന്നതു്. ബൈബിളിനു് രണ്ടു വിഭാഗങ്ങളുണ്ടു്: പഴയ നിയമവും പുതിയ നിയമവും.

പഴയ നിയമം സൃഷ്ടിയുടെ കഥയാണു്. അതിൽ നിന്നു്, ദൈവത്തിൻേറ അനന്തമായ ശക്തിയും സ്നേഹ വും നമുക്കു മനസ്സിലാക്കാം. മനുഷ്യരുടെ പാപത്തെപ്പ റ്റിയും അതിൽ പറയുന്നുണ്ടു്. രക്ഷകനെ സ്വീകരിപ്പാ നായി ദൈവം തൻേറ ജനത്തെ തയ്യാറാക്കിയതെങ്ങനെ യെന്നും പഴയ നിയമത്തിൽ നിന്നു നാം ഗ്രഹിക്കുന്നു.

രക്ഷകനെക്കുറിച്ചാണു്, പുതിയ നിയമത്തിൽ പറ യുന്നതു്. രക്ഷകൻേറ ജീവിതത്തേയും പ്രവൎത്തനങ്ങളേ യും ഉപദേശങ്ങളേയും പററി പുതിയ നിയമത്തിൽ നാം

വായിക്കുന്നു. നമ്മുടെ രക്ഷയുടെ ചരിത്രമാണു പുതിയ നിയമം.

ബൈബിൾ നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഗ്രന്ഥമല്ല; വിശദീകരണംകൂടാതെ പല ഭാഗങ്ങളും നമുക്കു മനസ്സിലാവുകയില്ല.

## ഓർമ്മിക്കാൻ

"കർത്താവേ, ഞങ്ങളിൽ കനിയണമേ. അങ്ങു ഞങ്ങളുടെ രക്ഷയായിരിക്കണമേ.

1. ആദവും ഹവ്വയും പാപം ചെയ്തതിനുശേഷം ദൈവം ചെയ്ത വാഗ്ദാനം എന്ത്?
2. എന്തുകൊണ്ടാണ്, ദൈവം ഈ വാഗ്ദാനംനല്കിയത്?
3. എന്തിനുവേണ്ടിയാണ്, രക്ഷകനെ വാഗ്ദാനം ചെയ്തത്?

## പ്രവർത്തിക്കാൻ


എല്ലാദിവസവും ബൈബിളിലെ ഏതാനും ഭാഗം ഞാൻ ആദരപൂർവ്വം വായിക്കും. എല്ലാരാത്രിയിലും ഉറങ്ങുന്നതിനു മുമ്പായി ഞാൻ മനസ്താപപ്രകരണം ചൊല്ലും.





# ദൈവജനം

ആദത്തിന്റെ കാലം കഴിഞ്ഞു. ജനങ്ങൾ ലോകത്തിൽ വർദ്ധിച്ചു. അവർ പാപത്തിൽ മുഴുകി ജീവിക്കാൻ തുടങ്ങി. ജലപ്രളയംവഴി ജനങ്ങളെ ശിക്ഷിക്കാൻ ദൈവം തീരുമാനിച്ചു. എന്നാൽ, അവരുടെ ഇടയിൽ **നോഹ്** എന്നൊരു നീതിമാനുണ്ടായിരുന്നു. നോഹിനേയും കുടുംബത്തേയും രക്ഷിക്കണമെന്നു ദൈവം ആഗ്രഹിച്ചു. ഒരു പെട്ടകം പണിയണമെന്നു ദൈവം നോഹിനോടു കല്പിച്ചു. നോഹിന്റെ കുടുംബാംഗങ്ങളെയും എല്ലാ ജീവജാലങ്ങളിലും നിന്നു് ഓരോ ഇണയേയും ആ പെട്ടകത്തിനുള്ളിൽ കയററണമെന്നും ദൈവം നിർദ്ദേശിച്ചു.



നോഹ് ദൈവം കല്പിച്ചതുപോലെ പ്രവർത്തിച്ചു. ജലപ്രളയം ഉണ്ടായി. അതുവഴി എല്ലാം നശിച്ചു. നോഹിന്റെ പെട്ടകം മാത്രം തിരമാലകൾക്കു മീതെ ഒഴുകിനടന്നു. നോഹും കുടുംബവും രക്ഷപ്പെട്ടു.

നോഹിന്റെ സന്തതികൾ വർദ്ധിച്ചു പെരുകി. അവരിൽ പലരും ദൈവഹിതത്തിനെതിരായി ജീവിച്ചു. എന്നാൽ, ആ തലമുറയിൽ അബ്രാഹം എന്നു പേരുള്ള ഒരു നല്ല മനുഷ്യനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഏകപുത്രനായിരുന്നു ഇസഹാക്ക് (ഐസക്ക്).

അബ്രാഹം ഇസഹാക്കിനെ വളരെയധികം സ്നേഹിച്ചിരുന്നു.

ദൈവം അബ്രാഹത്തിന്റെ വിശ്വാസവും അനുസരണവും ഒന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ചു. ഒരു ദിവസം ദൈവം കല്പിച്ചു, ഇസഹാക്കിനെ ബലികഴിക്കണമെന്ന്. ഈ കല്പന കേട്ടയുടനെ അബ്രാഹത്തിനു വളരെയധികം ദുഃഖമുണ്ടായി. എങ്കിലും മററെല്ലാവസ്തുക്കളേയുംകാൾ ദൈവത്തെയാണല്ലോ സ്നേഹിക്കേണ്ടതെന്നു ചിന്തിച്ച്, മകനെ ബലികഴിക്കാൻതന്നെ തയ്യാറായി.

അബ്രാഹത്തിന്റെ അനുസരണത്തിൽ ദൈവം വളരെ സന്തോഷിച്ചു. ആ അനുസരണത്തെതന്നെ ഒരു ബലിയായി അവിടുന്നു സ്വീകരിച്ചു. അതുകൊണ്ട്, ഇസഹാക്കിനെ ബലികഴിക്കുന്നതിനെ വിലക്കുവാൻ ദൈവം ഒരു മാലാഖയെ അബ്രാഹത്തിന്റെ അടുത്തേയ്ക്കയച്ചു. പിന്നീട്, ദൈവം അബ്രാഹത്തോട് അരുൾചെയ്തു: "ഞാൻ നിന്നേയും നിന്റെ സന്താനങ്ങളേയും അനുഗ്രഹിക്കും. അവർവഴി ലോകത്തിലെ എല്ലാ ജനതകളും അനുഗൃഹീതരാകും. കാരണം, നീ എന്നെ അനുസരിച്ചിരിക്കുന്നു."

അബ്രാഹം മുഴുഹൃദയത്തോടെ ദൈവത്തിനു നന്ദി പറഞ്ഞു.

അബ്രാഹം തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പിതാവായിത്തീർന്നു. ഈ ജനത്തിൽനിന്നാണു രക്ഷകൻ പിറന്നതു്.

## ഓമ്മിക്കാൻ

### ഒരു പ്രാത്ഥന

**പ്രധാനി:** നമ്മുടെ സഹായം കത്താവിൻെറ നാമത്തിലാകുന്നു.

**സഹായി:** അവിടുന്നു് ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു.

**പ്ര:** കത്താവേ, അവിടുത്തെ കരുണ ഞങ്ങളെ കാണിക്കുക.

**സ:** അവിടുത്തെ രക്ഷ ഞങ്ങൾക്കു നല്കുകയും ചെയ്യുക.

**പ്ര:** കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കുക.

**സ:** ഞങ്ങളുടെ നിലവിളി അവിടുത്തെ പക്കൽ എത്തുമാറാകട്ടെ.

1. ദൈവം തൻെറ മക്കളിൽ നിന്നു് ആവശ്യപ്പെടുന്നതെന്തു്?
2. ഇസഹാക്കിനെ ബലികഴിക്കുന്നതിനെ ദൈവം എന്തുകൊണ്ടു വിലക്കി?

## പ്രവത്തിക്കാൻ

മാതാപിതാക്കന്മാരേയും ഗുരുക്കന്മാരേയും ഞാൻ അനുസരിക്കും.

ദൈവം ആവശ്യപ്പെടുന്നതെന്തും അവിടുത്തേയ്ക്കു നല്ലുവാൻ ഞാൻ സന്നദ്ധനായിരിക്കും.



3

# ദൈവജനം ഒരുങ്ങുന്നു

ദൈവം വാഗ്ദാനംചെയ്ത നാട്ടിലേയ്ക്കു **മോശ** ജനത്തെ നയിച്ചു. ദൈവനിയമങ്ങൾ പഠിപ്പിച്ചുകൊണ്ട് അദ്ദേഹം രക്ഷകന്റെ വരവിനു് അവരെ ഒരുക്കി. മോശ ജനത്തോടു പറഞ്ഞു: "ഇസ്രായേലേ, കേൾക്കുക: കർത്താവു നമ്മുടെ ദൈവമാകുന്നു; കർത്താവു

മാത്രം. ആകയാൽ, നിങ്ങൾ നിങ്ങളുടെ ദൈവമായ കത്താവിനെ നിങ്ങളുടെ പൂണ്ണഹൃദയത്തോടും പൂണ്ണാത്മാവോടും സവ്വശക്തിയോടും കൂടെ സ്നേഹിക്കണം."

(ആവത്തനം 6 : 4, 5)

രക്ഷകനെ അയയ്ക്കുമെന്ന വാഗ്ദാനം പഴയനിയമകാലത്തു ദൈവം പലപ്പോഴും ആവത്തിച്ചിട്ടുണ്ടു്. രക്ഷകനെ സ്വീകരിക്കുവാൻ വളരെ ഒരുക്കം ആവശ്യമായിരുന്നു. അതിനു ദൈവം നേതാക്കന്മാരേയും രാജാക്കന്മാരേയും പ്രവാചകന്മാരേയും അയച്ചു.

തന്റെ വാഗ്ദാനത്തിൽ ഇസ്രായേൽജനങ്ങൾ വിശ്വസിക്കണമെന്നും തന്റെ നാമത്തിൽ സംസാരിക്കുന്നവരെ അവർ അനുസരിക്കണമെന്നും ദൈവം ആഗ്രഹിച്ചു.

തന്റെ ജനത്തിന്റെ നേതാവായി ദൈവം മോശയെ തിരഞ്ഞെടുത്തു. പിന്നീടു്, ഇസ്രായേലിന്റെ രാജാവായി ദൈവം ദാവീദിനെ തിരഞ്ഞെടുത്തു. ദാവീദു രാജാവു ദൈവത്തെ സ്നേഹിച്ചു. രക്ഷകന്റെ വരവിനുവേണ്ടി പ്രാത്ഥിക്കാൻ ജനങ്ങളെ പഠിപ്പിച്ചു.

വാഗ്ദാനംചെയ്യപ്പെട്ട രക്ഷകന്റെ വരവിനെപ്പററി ജനങ്ങളെ ഓർപ്പിക്കാനായി ദൈവം പ്രവാചകന്മാരെ അയച്ചു. പ്രവാചകന്മാർ ദൈവനാമത്തിൽ സംസാരിച്ചു. വരാനിരിക്കുന്ന രക്ഷകൻ രാജാക്കന്മാരുടെ രാജാവായിരിക്കുമെന്നു അവർ പ്രസംഗിച്ചു. രക്ഷകൻ ദാവീദിന്റെ വംശത്തിൽപ്പെട്ടവനായിരിക്കുമെന്നും പ്രവാചകന്മാർ അറിയിച്ചു. രക്ഷകൻ ലോകത്തിന്റെ പാ

പങ്ങൾ മോചിക്കും. അവിടുന്നു ദൈവത്തിൻെറ മക്കളെയെല്ലാം സ്വർഗ്ഗത്തിലേയ്ക്കു നയിക്കുകയും ചെയ്യും.

### ഓർമ്മിക്കാൻ

1. ദൈവം തൻെറ ജനത്തെ ഒരുക്കുവാൻ വേണ്ടി ആരെയെല്ലാം അയച്ചു?
2. ദൈവത്തിൻെറ ജനം രക്ഷകനെ സ്വീകരിക്കുവാൻ എങ്ങനെ ഒരുങ്ങി?

### പാടാൻ

ദൈവപിതാവേ, നീ ഞങ്ങൾക്കായ് നിത്യവും
സ്വർഗ്ഗീയ ജീവൻ പകർന്നു നല്കും.
നിൻ തിരുരാജ്യത്തിൻ പൂങ്കാവിലെന്നെന്നും
ആനന്ദഗാനങ്ങൾ പാടും ഞങ്ങൾ.
നിൻപാദസേവനം ചെയ്യുമീക്കുഞ്ഞുങ്ങൾ
എന്നെന്നും പുഞ്ചിരിപ്പൂപൊഴിക്കും.
കാരുണ്യപ്പൂഞ്ചിരികാണിച്ചു ഞങ്ങൾതൻ
മാനസകോവിലിൽ വാഴണം നീ.

### പ്രവർത്തിക്കാൻ

ദൈവകല്പനകൾ അനുസരിക്കുവാൻ വേണ്ട സഹായം ഞാൻ ദൈവത്തോടപേക്ഷിക്കും.

ദൈവകാര്യങ്ങൾ പഠിപ്പിക്കുന്നവരെ ഞാൻ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യും.




# സമയം സമാഗതമായി

ഗബ്രിയേൽ ദൈവദൂതൻ കന്യകാമറിയത്തോടു പറഞ്ഞു: "മറിയമേ, ഭയപ്പെടേണ്ടാ. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിന് ഈശോ എന്നു പേരിടണം. അവിടുന്നു മഹാനായിരിക്കും. അത്യുന്ന

തൻെറ പുത്രനെന്നു വിളിക്കപ്പെടും. ദൈവമായ കത്താവു പിതാവായ ദാവീദിൻെറ സിംഹാസനം അവിടുത്തേക്കു നല്കും. യാക്കോബിൻെറ ഗോത്രത്തിൽ അവിടുന്ന് എന്നേക്കും രാജാവായി വാഴും. പരിശുദ്ധാത്മാവു നിൻെറ മേൽ എഴുന്നള്ളും. അത്യുന്നതൻെറ ശക്തി നിന്നിൽ പ്രവത്തിക്കും. തന്നിമിത്തം, നിന്നിൽനിന്ന് ഉത്ഭവിക്കുന്ന പരിശുദ്ധൻ ദൈവപുത്രനെന്നു വിളിക്കപ്പെടും..." മറിയം പ്രതിവചിച്ചു: "ഇതാ, കത്താവിൻെറ ദാസി! അങ്ങു പറഞ്ഞതുപോലെ എന്നിൽ സംഭവിക്കട്ടെ!" (ലൂക്കാ 1 : 30 - 38)

രക്ഷകൻെറ വരവിനു സമയമായി. ദൈവമാതാവായി കന്യകാമറിയത്തെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന വിവരം ഒരു മാലാഖ മറിയത്തോടു പറഞ്ഞു. ദൈവഹിതത്തിനു മറിയം സമ്മതം നല്കി. അങ്ങനെ മറിയം ഈശോയുടെ മാതാവായി.

മനുഷ്യനായി ജനിച്ച ദൈവപുത്രനാണ് ഈശോമിശിഹാ. പിതാവായ ദൈവമാണ് ഈശോയുടെ പിതാവ്. കന്യകാമറിയമാകുന്നു അവിടുത്തെ അമ്മ. വിശുദ്ധ യൗസേപ്പ് വളത്തു പിതാവും.

മറിയം തൻെറ ചാച്ചയിൽപ്പെട്ട എലീശ്വയെ സന്ദർശിക്കുവാനായി ചെന്നു. മറിയം ദൈവമാതാവാണെന്ന് എലീശ്വ അറിഞ്ഞു. അവൾ മറിയത്തോടു പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗൃഹീതയാണ്."

## ഓർമ്മിക്കാൻ

1. ഗബ്രിയേൽ ദൈവദൂതൻ മറിയത്തോടെന്തുപറഞ്ഞു ?
2. മനുഷ്യനായി ജനിച്ച ദൈവപുത്രൻെറ പേരെന്തു് ?
3. മറിയം മാലാഖയോട്ട് എന്തുത്തരം പറഞ്ഞു ?

## പ്രവർത്തിക്കാൻ

ഞാൻ പരിശുദ്ധകന്യകാമറിയത്തോട്ട് എന്നും പ്രാർത്ഥിക്കും; ദിവസവും ത്രിസന്ധ്യാജപം ഭക്തിപൂർവ്വം ചൊല്ലും; ദൈവത്തോടു സ്നേഹം പ്രകടിപ്പിക്കും.

## ത്രിസന്ധ്യാജപം

കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു; പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു.

1 നന്മ.

ഇതാ! കർത്താവിൻെറ ദാസി! നിൻെറ വചനംപോലെ എന്നിലാകട്ടെ. 1 നന്മ.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.

1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ, സർവ്വേശ്വരൻെറ പരിശുദ്ധമാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്ന് ഞങ്ങളുടെ കർത്താവീശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ആമ്മേൻ. 3 ത്രിത്വ.

പാടാൻ

ദിവ്യനന്മ നിറഞ്ഞമറിയമേ,
ഭവ്യമങ്ങേയ്ക്കു നേരുന്നു ഗബ്രിയേൽ.
പാരിലീശ്വരൻ നിന്നോടു കൂടവേ,
നാരിമാരിൽവെച്ചേറ്റവും ധന്യ നീ.
ഭീതിവേണ്ടാ നിനക്കു നിഷ്കല്മഷേ,
പ്രീതനായിന്നു നിന്നിൽ നിരാമയൻ.
നിന്നുദരത്തിലോമനപ്പുത്രനെ
സന്നതാംഗി നീ ഗർഭം ധരിച്ചിടും.
ഭുവിലായവൻ ജാതനായീടവേ
നീയവ"ന്നേശു"വെന്നു പേർ നൽകണം.
ഉന്നതന്റെ മകനായ് പിറക്കുമാ-
നന്ദനൻ രാജസിംഹാസനസ്ഥിതൻ;
ദാവീദിന്റെ കുമാരൻ ഭരിക്കുമീ
ഭുവിലെന്നല്ല ദ്യോവിലും നിത്യവും.

ഇന്നിതെങ്ങനെ സംഭവിച്ചീടുവാൻ ?
കന്യ ഞാൻ; അറിവീലാ പുരുഷനെ.
പാവനാത്മാവു നിന്മേലെഴുന്നെള്ളും
ദേവശക്തി നിന്നാത്മാവിൽ വീശിടും;
നിന്നിൽനിന്നു ജനിപ്പവനീശ്വര-
നന്ദനനെന്നു കീർത്തിതനായിടും.
നിന്നിളയമ്മ യേലീശ്വയിന്നിതാ
തന്നുദരേ വഹിപ്പു കുമാരനെ;
വന്ധ്യയിന്നിതാ ഗർഭിണിയായ്; പാരി-
ലെന്തസാദ്ധ്യം ജഗദീശനോർക്കുകിൽ.
ദേവദേവന്നെളിയൊരു ദാസി ഞാൻ;
താവകോക്തിപോലെന്നിൽ ഭവിയ്ക്കട്ടെ.



# 5

# ദൈവം നമ്മോടുകൂടെ



ബെത്‌ലഹം കുന്നുകളിലെ പുൽത്തകിടികളിൽ ഇടയന്മാർ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ദൈവദൂതൻ അവരുടെ അടു

ക്കൽ എത്തി. ഒരു പ്രകാശം അവക്കുചുറവും വ്യാപിച്ചു. ഇതു കണ്ടു്, അവർ ഭയപ്പെട്ടു. അപ്പോൾ, ദൈവദൂതൻ അവരോടു പറഞ്ഞു: "ഭയപ്പെടേണ്ടാ, ഇതാ ലോകത്തിനു മുഴുവൻ ആനന്ദദായകമായ ഒരു സദ്വാത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു: ഇതാ, ദാവീദിൻെറ നഗരത്തിൽ നിങ്ങൾക്കു് ഒരു രക്ഷകൻ, കത്താവായ മിശിഹാ, ജനിച്ചിരിക്കുന്നു" (ലൂക്കാ 2 : 8 . 11).

അക്കാലത്തു രാജ്യമാസകലമുള്ള ജനങ്ങളുടെ കണക്കെടുക്കണമെന്നു് അഗസ്റ്റസ്സീസർ കല്പന പുറപ്പെടുവിച്ചു. എല്ലാവരും താന്താങ്ങളുടെ നഗരത്തിൽ പോയി പേരെഴുതിക്കണമെന്നായിരുന്നു കല്പന. അതനുസരിച്ചു്, മറിയവും യൗസേപ്പും തങ്ങളുടെ സ്വന്തം പട്ടണമായ ബെത്ലഹമിലേയ്ക്കു പോയി. മറിയം പൂണ്ണഗർഭിണിയായിരുന്നു.

ബെത്ലഹം പട്ടണം ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. മറിയത്തിനും യൗസേപ്പിനും രാത്രി താമസിക്കുവാൻ സ്ഥലം കിട്ടിയില്ല. അവർ പട്ടണത്തിനു വെളിയിലുള്ള ഒരു കാലിത്തൊഴുത്തു കണ്ടെത്തി. അവിടെ രക്ഷകൻ പിറന്നു.

മറിയവും യൗസേപ്പും മുട്ടുകുത്തി ദൈവപുത്രനെ ആരാധിച്ചു. മാലാഖമാർ സ്വർഗ്ഗത്തിൽനിന്നിറങ്ങി ഇങ്ങനെ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവക്കു സമാധാനം." ആട്ടിടയന്മാർ മാലാഖമാരുടെ പാട്ടുകേട്ടു. അവർ കാലിത്തൊഴുത്തിലെത്തി ദിവ്യശിശുവിനെ ആരാധിച്ചു.



രക്ഷകന്റെ ജനനത്തിനു ശേഷം എട്ടാം ദിവസം അവിടുത്തേക്കു് ഈശോ എന്ന പേരു നല്കപ്പെട്ടു. (ഈശോ എന്ന വാക്കിന്റെ അർത്ഥം രക്ഷകൻ എന്നാണു്.) പിന്നീടു്, മറിയവും യൗസേപ്പും കൂടി ഈശോയെ ദൈവത്തിനു സമർപ്പിക്കുവാൻ ദൈവാലയത്തിലേയ്ക്കു കൊണ്ടുപോയി. ദൈവാലയത്തിൽ വച്ചു ശെമയോൻ ദിവ്യശിശുവിനെ കരങ്ങളിൽ എടുത്തു്, "ലോകത്തിന്റെ പ്രകാശം" എന്നു് അവിടുത്തെ വിളിച്ചു.

## ഓർമ്മിക്കാൻ

1. രക്ഷകൻ ജനിച്ചപ്പോൾ മാലാഖമാർ എന്താണു പാടിയതു് ?
2. "ഈശോ" എന്ന പേരിൻെറ അർത്ഥമെന്തു് ?

## പാടാൻ

പാലൊളിപ്പുഞ്ചിരി തൂകി - വാന
ലോകത്തിനാനന്ദം നൽകി
ഉന്നതദൈവകുമാരാ - എൻെറ
കണ്ണിൻകിനാവേയുറങ്ങു.
വന്ദ്യപിതാമഹർ നിന്നെ - ക്കാണാ
നെണ്ണിക്കഴിച്ചു ദിനങ്ങൾ;
വന്നു പിറന്നു നീയെന്നാ - ലേഴ
യെന്നുദരത്തിൻ നിധിയായ്.
കൊട്ടാരമില്ലെൻ മകനേ - പട്ടു
കുപ്പായമില്ല ധരിക്കാൻ.
കുത്തിത്തുളയ്ക്കും തണുപ്പിൽ - മഞ്ഞു
തത്തിക്കളിക്കും നിശയിൽ
മാറോടുചേർത്തു പുണരാ - മമ്മ
ദാരുണശീതമകററാൻ.
വാനവരാജകുമാരാ - മമ
മാണിക്യമേ നീയുറങ്ങു.

## പ്രവർത്തിക്കാൻ

ഈശോ എന്ന നാമം ഉച്ചരിക്കുമ്പോൾ ഞാൻ ആദരപൂർവ്വം തലകുനിക്കും. ഞാൻ ദൈവാലയത്തിൽ ചെന്നു് ഈശോയെ ആരാധിക്കും.

# 6



# ദൈവത്തിന്റെ വഴികൾ

"ഹേറോദേസ് രാജാവിൻെറ കാലത്തു യൂദായിലെ ബെത്ലഹമിൽ ഈശോ പിറന്നു. ആയിടെ കിഴക്കുനിന്നു ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ജെറൂസലത്തു വന്നു. ഹേറോദേസിനോട്, "യൂദന്മാരുടെ പിറന്ന രാജാവ് എവിടെയാകുന്നു? ഞങ്ങൾ കിഴക്ക് അവിടുത്തെ നക്ഷത്രം കണ്ടതിനാൽ അവിടുത്തെ ആരാധിക്കുവാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞു. ഉണ്ണിയെക്കണ്ടതിനു ശേഷം വിവരം തന്നെ അറിയിക്കണമെന്നു ഹേറോദേസ് അവരോട് ആവശ്യപ്പെട്ടു.

അവർ വീട്ടിൽ പ്രവേശിച്ചു. ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കണ്ടു. അവിടുത്തെ ആരാധിച്ചു. നിക്ഷേപപാത്രങ്ങൾ തുറന്നു്, പൊന്നും മീറയും കുന്തുരുക്കവും കാഴ്ചസമർപ്പിക്കുകയും ചെയ്തു."

(മത്തായി 2; 1, 2)

ഒരു പ്രത്യേക നക്ഷത്രം വഴി ദൈവം ശാസ്ത്രജ്ഞന്മാരെ ഈശോയുടെ പക്കലേയ്ക്കു നയിച്ചു.

ഹേറോദേസിന്റെ അടുക്കലേയ്ക്കു തിരികെപ്പോകരുതെന്നു് ഒരു മാലാഖവഴി ദൈവം ശാസ്ത്രജ്ഞന്മാരെ അറിയിച്ചു. അതിനാൽ, അവർ മറെറാരു വഴിക്കു നാട്ടിലേയ്ക്കു മടങ്ങിപ്പോയി.

ഹേറോദേസ് ഈശോയെ കൊല്ലുവാൻ ആഗ്രഹിച്ചു. അതിനാൽ, ഈശോയേയും മറിയത്തേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേയ്ക്കു പോകുവാൻ ദൈവം ഒരു മാലാഖവഴി യൗസേപ്പിനോടു് ആവശ്യപ്പെട്ടു. യൗസേപ്പ് ഉടൻ ഈജിപ്തിലേയ്ക്കു പുറപ്പെട്ടു. ദൈവം തങ്ങളെ കാത്തുകൊള്ളുമെന്നു് അദ്ദേഹത്തിനു് ഉറപ്പുണ്ടായിരുന്നു.

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ തിരികെച്ചെല്ലാതിരുന്നതിനാൽ ഹേറോദേസ് കോപിച്ച്, ഈശോയെ എങ്ങനെയെങ്കിലും വധിക്കണമെന്നു തീരുമാനിച്ചു. അയാൾ ബെത്‌ലഹമിലേയ്ക്കു പട്ടാളക്കാരെ അയച്ച്, രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ആൺകുട്ടികളേയും കൊല്ലിച്ചു.

നിഷ്കളങ്കരായ ഈ പിഞ്ചുകുഞ്ഞുങ്ങൾക്കു ദൈവം സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം നല്കി. ദൈവം എപ്പോഴും നമ്മുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നു. നമുക്കു് ഉത്തമമായിട്ടുള്ളതു് എന്താണെന്നു് അവിടുന്നു് അറിയുന്നു. സ്വർഗ്ഗത്തിലുള്ള നമ്മുടെ യഥാർത്ഥ ഭവനത്തിലേക്കു് അവിടുന്നു് നമ്മെ നയിക്കുന്നു.

### ഓർമ്മിക്കാൻ

1 ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഈശോയ്ക്കു് എന്തു കാഴ്ചകൾ സമർപ്പിച്ചു?

2. ഹേറോദേസ് എന്തുകൊണ്ടു് ബെത്ലഹേമിലുള്ള ശിശുക്കളെ വധിപ്പിച്ചു?

### പാടാൻ

അംബരമുറ്റത്തു്,
അമ്പിളിയുമൊത്തു്,
ആയിരം താരകക്കുഞ്ഞുങ്ങൾ.
വെള്ളിത്താരകക്കുഞ്ഞുങ്ങൾ
പള്ളിയുറങ്ങുന്ന പൈതലെ കാണുവാൻ
കണ്ണും തിരുമ്മി കാത്തിരുന്നു - കാത്തിരുന്നു.

കിഴക്കുനിന്നൊരു കാറ്റുവന്നു
പാതിരാപ്പൂക്കൾ ഉണർന്നെണീറ്റു;

ഒട്ടകത്തിൻെറ കുളമ്പടി കേട്ടു
പാതിരാപ്പൂക്കളുണർന്നൊണീററു. (അംബര...)

പൊന്നിൻ കിരീടമണിഞ്ഞുവന്നല്ലോ
മന്നവർ കിഴക്കുന്ന മൂന്നുപേർ;
മുന്നിലായ് വാനത്തിൽ നീങ്ങുന്ന താരത്തെ
കണ്ണുപറിയ്ക്കാതെ നോക്കിയണഞ്ഞു.


താരങ്ങൾ നോക്കിയൊരുണ്ണിയെക്കണ്ടു;
താമരപ്പൂവൊത്തൊരുണ്ണിയെക്കണ്ടു
താഴെയിറങ്ങുന്നു, താണുവണങ്ങുന്നു,
താലത്തിൽ കാഴ്ചകളർപ്പിക്കുന്നു. (അംബര...)

പ്രവർത്തിക്കാൻ

ഈശോയ്ക്കുവേണ്ടി ഞാൻ ത്യാഗങ്ങൾ സഹിക്കും.

ഇഷ്ടപ്പെടുന്ന മധുരപലഹാരം ലഭിച്ചാൽ ഞാൻ വേറൊരാൾക്കു കൊടുക്കും.





7

# എല്ലാത്തിലുമുപരിയായി ദൈവത്തെ സ്നേഹിക്കുക

“മൂന്നു ദിവസങ്ങൾക്കു ശേഷം ഈശോ ദൈവാലയത്തിൽ, ഉപദേഷ്ടാക്കളുടെ നടുവിൽ ഇരുന്ന് അവരുടെ വാക്കുകൾ കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നതായിക്കണ്ടു. അവന്റെ വാക്കുകൾ കേട്ടവരെല്ലാം അവന്റെ ജ്ഞാനത്തേയും മറുപടികളേയും കുറിച്ച് ആശ്ചര്യപ്പെട്ടു. അവിടുത്തെ കണ്ടപ്പോൾ അവർ വിസ്മയിച്ചു. അവിടുത്തെ അമ്മ: ‘എന്റെ മകനേ, നീ

ഞങ്ങളോടു് ഇങ്ങനെ ചെയ്തതെന്തുകൊണ്ടു്? ഞാനും നിന്റെ അപ്പനും വളരെ വേദനയോടുകൂടെ നിന്നെ അന്വേഷിക്കുകയായിരുന്നല്ലോ' എന്നു പറഞ്ഞു. അവിടുന്നു് അവരോടു്, 'നിങ്ങൾ എന്നെ അന്വേഷിച്ചതു് എന്തിനു്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാകുന്നു എന്നു നിങ്ങൾ അറിഞ്ഞിരുന്നില്ലേ?' എന്നു ചോദിച്ചു" (ലൂക്കാ 2: 46-49).

ഈശോ പന്ത്രണ്ടാമത്തെ വയസ്സിൽ പെസഹാത്തിരുനാളിൽ സംബന്ധിക്കുവാൻ മറിയത്തോടും യൗസേപ്പിനോടും കൂടെ ജെറുസലത്തേയ്ക്കു പോയി. തിരുനാൾ അവസാനിച്ചു. മറിയവും യൗസേപ്പും തിരികെപ്പോയി. ഈശോ ദൈവാലയത്തിൽത്തന്നെ പാർത്തു. യൗസേപ്പും മറിയവും അതറിഞ്ഞില്ല. അവർ അവിടുത്തെ അന്വേഷിച്ചു; മൂന്നാം ദിവസം ഈശോയെ ദൈവാലയത്തിൽ കണ്ടെത്തി.

മറിയവും യൗസേപ്പുമൊത്തു് ഈശോ നസ്രത്തിലേക്കു മടങ്ങിപ്പോയി. എല്ലാകാര്യങ്ങളിലും അവിടുന്നു് അവരെ അനുസരിച്ചുപോന്നു. അനുസരിക്കുക സ്വർഗ്ഗീയ പിതാവിനു പ്രിയംകരമാണെന്നു് അവിടുത്തേക്കു് അറിയാമായിരുന്നു.

തിരുക്കുടുംബം എല്ലാദിവസവും പ്രാർത്ഥിച്ചിരുന്നു. കർത്താവിന്റെ ദിവസം - സാബത്തുദിനം - അവർ വിശുദ്ധമായി ആചരിച്ചുവന്നു. അന്നു ജോലികളിൽ നിന്നു വിരമിക്കുകയും ദൈവത്തെ സവിശേഷം ആരാ

ധിക്കുകയും ചെയ്യുന്നതിനുപുറമേ പ്രാർത്ഥനാലയത്തിൽ വേദപുസ്തകം വായിക്കുന്നതു ശ്രദ്ധിച്ചുകേൾക്കുകയും ചെയ്യിരുന്നു. ദൈവത്തെ എങ്ങനെ ആരാധിക്കണമെന്നു തിരുക്കുടുംബം ഈ മാതൃകവഴി നമ്മെ പഠിപ്പിക്കുന്നു.

കർത്താവിന്റെ ദിവസമായി നാം ആചരിക്കുന്നതു ഞായറാഴ്ചയാണു്. അന്നു നാം വിശുദ്ധബലിയിൽ സംബന്ധിച്ചു ദൈവത്തെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു; ദൈവവചനം കേൾക്കുകയും ചെയ്യുന്നു.

ദൈവത്തെമാത്രമേ ആരാധിക്കുവാൻ പാടുള്ളു. മററാരേയുംകാൾ നാം അവിടുത്തെ സ്നേഹിക്കുകയും അനുസരിക്കുകയും വേണം.

### ഓർമ്മിക്കാൻ

1. ഈശോ എന്തിനാണു് പന്ത്രണ്ടാമത്തെ വയസ്സിൽ ദൈവാലയത്തിലേക്കു പോയതു്?
2. തിരുക്കുടുംബം ദൈവത്തിന്റെ ദിവസം എങ്ങനെ ആചരിച്ചിരുന്നു?
3. ഞാൻ എങ്ങനെ ഞായറാഴ്ച ആചരിക്കണം?

### പാടാൻ

പെരുന്നാൾ കഴിഞ്ഞവർ - തിരിയെപ്പോരുംനേരം
പിരിഞ്ഞു രണ്ടായ്‌വഴി - സ്ത്രീകളും പുമാന്മാരും.

മേരിയോടൊത്തുണ്ടുണ്ണി യേശുവെന്നോർത്ത താതൻ;
മേരിയോർത്തുപോയുണ്ണി താതനോടൊത്തുണ്ടെന്നും.
തങ്ങളിൽ കാണുന്നേരം കുണ്ഠിതം പാരമുണ്ടായ്
മംഗലസ്വരൂപനാമുണ്ണിയെ കാണാനില്ല!

തീർത്ഥയാത്ര കഴിഞ്ഞുമടങ്ങും
മർത്ത്യരേയെന്റെ പുത്രനെക്കണ്ടോ?
തങ്കവർണ്ണവും താരണിക്കണ്ണും
തങ്കമെന്നോമലുണ്ണിയെക്കണ്ടോ?
കണ്ടില്ല, കണ്ടില്ല, കണ്ടില്ലാ.

കോമളമാം മിഴിയിണയുണ്ടേ
കാർമുകിലിൻ തിരുമുടിയുണ്ടേ
പൂനിലാവിന്റെ പുഞ്ചിരിയുണ്ടേ-
യീവഴിക്കെൻ കുമാരനെക്കണ്ടോ?
കണ്ടില്ല, കണ്ടില്ല, കണ്ടില്ലാ.

ദിവ്യകാന്തി ചിതറുന്നൊരുണ്ണി,
ദൈവദൂതനെപ്പോലുള്ളൊരുണ്ണി,
ജീവനാണവനമ്മയ്ക്കു പണ്ടേ-
യീവഴിക്കവൻ പോകുന്നകണ്ടോ?
കണ്ടില്ല, കണ്ടില്ല, കണ്ടില്ലാ.

ബാലസൂര്യന്റെ കാന്തി വഴിഞ്ഞും
ലോലവെൺപട്ടുവസ്ത്രമണിഞ്ഞും
പഞ്ചവർണ്ണക്കിളിമൊഴി തൂകി
സഞ്ചരിക്കും കുമാരനെക്കണ്ടോ?
കണ്ടില്ല, കണ്ടില്ല, കണ്ടില്ലാ.

ബാലസൂര്യൻെറ കാന്തി......

..........................................

കണ്ടില്ല, കണ്ടില്ല, കണ്ടില്ലാ.

**പ്രവർത്തിക്കാൻ**

എല്ലാ ഞായറാഴ്ചയും വിശുദ്ധകുർബാനയിൽ ഞാൻ സജീവമായി സംബന്ധിക്കും.

വേദപാഠക്ലാസ്സുകളിൽ ഞാൻ മുടങ്ങാതെ പങ്കെടുക്കും.





8

# അവനെ കേൾക്കുക

"ഈശോ മാമ്മോദീസ സ്വീകരിച്ചയുടനെ വെള്ളത്തിൽ നിന്നു കയറി. സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ ഇറങ്ങി അവിടത്തെമേൽ വരുന്നതു കണ്ടു. 'എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു' എന്നു പറയുന്ന ഒരു സ്വരവും സ്വർഗ്ഗത്തിൽനിന്നുണ്ടായി."

(മത്തായി 3 : 16, 17)

ഏകദേശം മുപ്പതു വയസ്സായപ്പോൾ ഈശോ പരസ്യ ജീവിതം ആരംഭിച്ചു. അവിടുന്നു യോർദ്ദാൻ നദീതീരത്തേക്കു പോയി. അവിടെവച്ചു സ്നാപകയോഹന്നാനിൽ നിന്നു മാമ്മോദീസ സ്വീകരിച്ചു. അപ്പോൾ, പരിശുദ്ധാത്മാവു പ്രാവിൻെറ രൂപത്തിൽ ഈശോയുടെ മേൽ എഴുന്നള്ളിവന്നു. ആ സമയത്തു സ്വർഗ്ഗത്തിൽനിന്നു പിതാവായ ദൈവത്തിൻെറ സ്വരം ഇങ്ങനെ കേട്ടു: "ഇവൻ എൻെറ പ്രിയപുത്രനാണു്. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു." ഇവിടെ പരിശുദ്ധത്രിത്വത്തിൻെറ സാന്നിദ്ധ്യം നാം കാണുന്നു.

ഒരു ദിവസം സ്നാപകയോഹന്നാൻ ഈശോയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, അന്ത്രയോസിനോടും യോഹന്നാനോടും പറഞ്ഞു: "ഇതാ, ദൈവത്തിൻെറ കുഞ്ഞാടു്!" അന്ത്രയോസും യോഹന്നാനും ഈശോയെ അനുഗമിച്ചു. അവർ അവിടുത്തെ സ്നേഹിതന്മാരായി. ഏതാനും ദിവസങ്ങൾക്കുശേഷം, അന്ത്രയോസും യോഹന്നാനും, അവരുടെ സഹോദരന്മാരായ ശിമയോൻ പത്രോസിനോടും യാക്കോബിനോടും, "ഞങ്ങൾ ക്രിസ്തുവിനെ കണ്ടു" എന്നു പറഞ്ഞു. ക്രിസ്തുവിനെ അനുഗമിക്കാൻ അവരും ആഗ്രഹം പ്രകടിപ്പിച്ചു. അന്ത്രയോസും യോഹന്നാനും ആ സഹോദരന്മാരേയും കൂട്ടിക്കൊണ്ടു ക്രിസ്തുവിൻെറ അടുക്കലേക്കു ചെന്നു. അങ്ങനെ അവരും ക്രിസ്തുവിൻെറ ശിഷ്യന്മാരായി.

ഒരു ദിവസം ഈശോ യാക്കോബു്, പത്രോസു്, യോഹന്നാൻ എന്നിവരോടുകൂടെ താബോർ മലയിലേക്കു

പോയി. ദൈവപുത്രൻെറ മഹത്വം അവർ ദർശിച്ചു. അവിടെവച്ച് ഈശോയുടെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. അവിടുത്തെ വസ്ത്രം മഞ്ഞുപോലെ വെണ്മയുള്ളതായി. മോശയും ഏലിയാസും വന്ന് അവിടുത്തോടു സംസാരിക്കുന്നതായും അവർ കണ്ടു. അപ്പോൾ, പിതാവായ ദൈവത്തിൻെറ ശബ്ദം ഇങ്ങനെ മുഴങ്ങി: "ഞാൻ പ്രസാദിച്ചിരിക്കുന്ന എൻെറ പ്രിയപുത്രനാകുന്നു ഇവൻ. ഇവനെ കേൾക്കുവിൻ."

## ഓർമ്മിക്കാൻ

1. പിതാവായ ദൈവം ഈശോയെക്കുറിച്ച് എന്തു പറഞ്ഞു ?
2. ഏതെല്ലാം അവസരങ്ങളിലാണു പിതാവായ ദൈവം ഈശോയെ വെളിപ്പെടുത്തിപ്പറഞ്ഞത് ?

## പ്രഭാതസമർപ്പണം

എൻെറ ദൈവമേ, ഈ ദിവസം എനിക്കു തന്നതിന് അങ്ങേയ്ക്കു നന്ദിപറയുന്നു. പാപം കൂടാതെ എന്നെ കാത്തുകൊള്ളണമേ. ഇന്നത്തെ എൻെറ എല്ലാ പ്രവൃത്തികളും എൻെറ പാപങ്ങൾക്കു പരിഹാരമായും അങ്ങയുടെ മഹത്വത്തിനായും ആത്മാക്കളുടെ രക്ഷയ്ക്കായും അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു.

## പ്രവർത്തിക്കാൻ

ഞാൻ ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ദിവസവും ദൈവത്തിനു സമർപ്പിക്കും. എല്ലാ ദിവസവും ഞാൻ പ്രഭാതസമർപ്പണം നടത്തും.

# 9

# ഈശോ ദൈവവും മനുഷ്യനുമാകുന്നു



"ഈശോ ഗലീലിയാക്കടലിൻെറ തീരത്തുവന്നു് ഒരു മലയിൽ കയറി ഒരിടത്തിരുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി അവിടുത്തെ സമീപിച്ചു. ഊമർ, കുരുടർ, മുടന്തർ, അംഗഹീനർ മുതലായി പലരേയും അവിടുത്തെ അടുക്കൽ അവർ കൊണ്ടുവന്നു. അവിടുന്നു് അവരെ സുഖപ്പെടുത്തി. ഊമർ സംസാരിച്ചു; അംഗഹീനർ സുഖം പ്രാപിച്ചു; മുടന്തർ നടന്നു; കുരുടർക്കു കാഴ്ചലഭിച്ചു. ഇതു കണ്ടു് ആ ജനക്കൂട്ടം വിസ്മയിച്ചു. അവർ ഇസ്രായേലിൻെറ ദൈവത്തെ സ്തുതിച്ചു" (മത്തായി 15 : 29 - 31).

ഒരു ദിവസം രണ്ടു കുരുടന്മാർ തങ്ങളെ സുഖപ്പെടുത്തണമെന്നു് ഈശോയോടപേക്ഷിച്ചു. "ഇതു ചെയ്യുവാൻ എനിക്കു കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്നു് ഈശോ ചോദിച്ചു. "ഉവ്വ്, കർത്താവേ!" എന്നു് അവർ മറുപടി പറഞ്ഞു. തൻെറ അളവററ ശക്തിയും മനുഷ്യരോടുള്ള അളവററ സ്നേഹവും കാണിക്കാനായി ഈശോ അവർക്കു കാഴ്ചനല്കി.

ഈശോ രോഗികളെ സുഖപ്പെടുത്തി; മരിച്ചവരെ ഉയിർപ്പിച്ചു; കൊടുങ്കാററു ശമിപ്പിച്ചു. ഈശോ സ്വന്തം ശക്തി ഉപയോഗിച്ചാണു് ഇവയെല്ലാം ചെയ്തതു്.

ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഈശോ ചെയ്തു. ദൈവശക്തികൊണ്ടു കാണിക്കുന്ന ഈ അടയാളങ്ങളെയാണു് അത്ഭുതങ്ങൾ എന്നു പറയുന്നതു്. താൻ ദൈവപുത്രനാണെന്നു് കാണിക്കാൻ വേണ്ടി ഈശോ അത്ഭുതങ്ങൾ പ്രവർത്തിച്ചു.

പലസ്തീനായിലെ ആളുകൾക്കു് ഈശോയെ കാണുവാനും കേൾക്കുവാനും സ്പർശിക്കുവാനും കഴിഞ്ഞു. അതിനാൽ, അവിടുന്നു് ഒരു മനുഷ്യനാണെന്നു് അവർക്ക് അറിയാൻ കഴിയുമായിരുന്നു.

"ഞാൻ ദൈവപുത്രനാണു്" എന്നു ഈശോ പറഞ്ഞു. ഈശോ പറഞ്ഞിട്ടുള്ളതെല്ലാം സത്യമാണു്. ഈശോ പരിശുദ്ധനാണെന്നു സന്മനസ്സുള്ള ആളുകൾ ഗ്രഹിച്ചു. അവിടുന്നു ചെയ്ത അത്ഭുതങ്ങൾ അവർ കണ്ടു. "ഈ മനുഷ്യൻ സത്യമായും ദൈവപുത്രനാകുന്നു" എന്നു് അവർ പറഞ്ഞു.

### ഓർമ്മിക്കാൻ

സുവിശേഷവാക്യം: "അവർ അവനോട്: ഉവ്വ്, എന്റെ കർത്താവേ, ലോകത്തിലേക്കു വന്നിരിക്കുന്ന ദൈവപുത്രനായ മിശിഹാ നീയാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു" (യോഹ 11 : 27).

1. ഈശോ മനുഷ്യനാണെന്നു ജനങ്ങൾ എങ്ങനെ അറിഞ്ഞു ?
2. താൻ ദൈവപുത്രനാണെന്ന് ഈശോ എങ്ങനെ തെളിയിച്ചു ?

### പ്രവർത്തിക്കാൻ

ദൈവാലയത്തിൽ ചെല്ലുമ്പോൾ ഞാൻ പറയും: "ഈശോ, അങ്ങ് എന്റെ കർത്താവും ദൈവവുമാണെന്നു ഞാൻ വിശ്വസിക്കുന്നു." എനിക്കുവേണ്ടി ഈശോ ചെയ്ത ഉപകാരങ്ങൾക്കു ഞാൻ നന്ദിപറയും.

ദൈവം, മനുഷ്യൻ എന്നീ പദങ്ങളിൽ ഏതെങ്കിലും ഉപയോഗിച്ചു വാചകം പൂരിപ്പിക്കുക:

1. ഈശോ മനുഷ്യാവതാരം ചെയ്ത ..........ആകുന്നു.
2. ഈശോ............. ആയതിനാൽ, അവിടുത്തേക്ക് വിശപ്പും ദാഹവും ഉണ്ടായിരുന്നു.
3. ഈശോ.......... ആയതിനാൽ, മരിച്ചവരെ ഉയിർപ്പിച്ചു.
4. ഈശോ....... ...ആയതിനാൽ, അത്ഭുതങ്ങൾ പ്രവർത്തിച്ചു.

5. ഈശോ.......... ആയതിനാൽ, സർവ്വജ്ഞനാണ്.

6. ഈശോ............ആയതിനാൽ, കഷ്ടതകൾ സഹിച്ചു.

7 ഈശോ.......... ...ആയതിനാൽ, കടൽ ശാന്തമാക്കി.

8. ഈശോ ..........വും.......... നും ആണെന്നു നമ്മൾ വിശ്വസിക്കുന്നു.

പാടാൻ

നാടുനീളെ യത്ഭുതങ്ങൾ ചെയ്തുകൊണ്ടെഴുന്നള്ളുന്ന
യേശുവിനെ സ്വീകരിപ്പാൻ പോവുകനമ്മൾ;
ദേവപുത്രനാമവൻെറയാഗമനോത്സവം കാണാ.
നേറെനാൾ കാത്തിരുന്നല്ലോ പൂർവ്വപിതാക്കൾ.

കല്യാണവീട്ടിലെ പച്ചവെള്ളമവൻ കാരുണ്യത്താൽ
നല്ലവീഞ്ഞായ് പകർത്തിയതത്ഭുതമല്ലോ.
കുരുടനു കാഴ്ചനല്കി, കുഷ്ഠരോഗം പൊറുപ്പിച്ചു,
തളർവാതം പിടിച്ചോനു സുഖവും നല്കി.
മൃത്യുവാണ്ട പുത്രനവൻ മുക്തിയും ജീവനും നല്കി,
ദുഃഖിതയാം വിധവയെ ആശ്വസിപ്പിച്ചു.
ഘോരഭൂതബാധകളെ ദൂരവേയൊഴിച്ചുവിട്ടു,
കാൽ തളർന്ന മുടന്തനെ നടത്തിവിട്ടു.



10

# മഹത്തായ വാഗ്ദാനം

"ഈശോ ഉത്തരമായി അവളോട് അരുളിച്ചെയ്തു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഒരുവനും ഒരിക്കലും ദാഹിക്കുകയില്ല. പ്രത്യുത, ഞാൻ കൊടുക്കുന്ന ജലം മനുഷ്യനെ നിത്യാ







യുസ്സിലേയ്ക്കു നയിക്കുന്ന നീർച്ചാലായിരിക്കും.”

(യോഹ. 4 : 13, 14)

ഈശോ സമറിയാക്കാരി സ്ത്രീയോടു പറഞ്ഞു: “നീ ദൈവത്തിന്റെ ദാനം അറിഞ്ഞിരുന്നെങ്കിൽ!” ദൈവത്തിന്റെ ദാനമെന്നതു് നമ്മിലുള്ള അവിടുത്തെ ജീവനും സ്നേഹവും തന്നെ.

മാമ്മോദീസയിലൂടെ പ്രസാദവരത്തിന്റെ ദാനം നാം സ്വീകരിച്ചു. മാമ്മോദീസ കൈക്കൊണ്ടദിവസം നാം ദൈവത്തിന്റെ മക്കളായിത്തീർന്നു.

വിശുദ്ധ കുർബാനയിൽ ഈശോ തന്നെത്തന്നെ ദാനമായി നമുക്കു നല്കുന്നു. ദിവ്യകാരുണ്യത്തിലൂടെ ഈശോ തന്റെ സ്വന്തം ജീവന്റേയും ശക്തിയുടേയും ഓഹരിയാണു നമുക്കു തരുന്നതു്. സ്വർഗ്ഗത്തിലെത്താൻ അവിടുന്നു നമ്മെ സഹായിക്കുന്നു.

നമ്മെ സഹായിക്കുവാനായി രക്ഷകൻ കുമ്പസാരമെന്ന കൂദാശ സ്ഥാപിച്ചു. ഈ കൂദാശ നമ്മുടെ പാപങ്ങളെ മോചിക്കുന്നു. നമ്മുടെ ദുരാശകളെ എതിർക്കുവാൻ ഇതു നമ്മെ സഹായിക്കുന്നു. നഷ്ടപ്പെട്ട് പ്രസാദവരം ഇതു നമുക്കു വീണ്ടും നല്കുകയും ചെയ്യുന്നു.

നമ്മുടെ ശരീരത്തിൻെറ കാര്യത്തിൽ നാം ശ്രദ്ധിക്കുന്നുണ്ട്. അതിനെ രോഗം ബാധിക്കാതെ കാത്തുസൂക്ഷിക്കുവാൻ ശ്രമിക്കുന്നു. അതുപോലെ നമ്മുടെ ആത്മാവിലുള്ള പ്രസാദവരജീവൻെറ കാര്യത്തിലും നാം ശ്രദ്ധിക്കണം.

ദൈവികജീവൻ നമ്മിൽ നിലനില്ക്കുന്നുണ്ടെങ്കിൽ നാം സ്വർഗ്ഗത്തിൽ എത്തിച്ചേരും. തന്നെ വിശ്വസിക്കുകയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് ഈശോ സ്വർഗ്ഗം വാഗ്ദാനം ചെയ്തിട്ടുണ്ട്.

## ഓർമ്മിക്കാൻ

ഈശോയുടെ വാക്കുകൾ: "അവർക്കു ജീവൻ നല്കാൻ, സമൃദ്ധമായി നല്കാൻ അത്രേ ഞാൻ വന്നിരിക്കുന്നതു്." (യോഹ. 10 : 10)

1. നമുക്കു് എന്തു നല്കാൻ വേണ്ടിയാണു് ഈശോ വന്നതു്?

2. നമ്മിലുള്ള ദൈവജീവൻ എന്ന ദാനം എപ്പോഴാണു നാം സ്വീകരിക്കുന്നതു്?

പ്രവർത്തിക്കാൻ

മാമ്മോദീസയിൽ എനിക്കു കിട്ടിയ പുതിയ ജീവനുവേണ്ടി ഈശോയ്ക്കു ഞാൻ നന്ദിപറയും. അടുക്കലടുക്കൽ കുമ്പസാരിക്കും. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഞാൻ വിശുദ്ധകുർബാന സ്വീകരിക്കും.





# 11

# മലയിലെ പ്രസംഗം

ഈശോ ജനക്കൂട്ടത്തെക്കണ്ടു്, ഒരു മല യിൽ കയറി ഇരുന്നു. ശിഷ്യന്മാരും ചുററും കൂടി. അവിടുന്നു് അവരെ ഉപ ദേശിച്ചു: "ആത്മാവിൽ ദരിദ്രർ ഭാ ഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗ്ഗരാ ജ്യം അവരുടേതാകുന്നു. ഹൃദയശുദ്ധി യുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തെ കാണും."

(മത്തായി 5 : 1, 2, 8)

നമുക്ക് എങ്ങനെ സൗഭാഗ്യവാന്മാരാകാമെന്ന് ഈശോ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഭൂമിയിൽ സമ്പന്നരാകണമെന്ന് ആഗ്രഹിച്ച് നാം ആകുലരാകരുതെന്ന് അവിടുന്നു നമ്മെ പഠിപ്പിച്ചു. ഈ ലോകത്തിലെ കാര്യങ്ങൾ വളരെക്കാലം നീണ്ടുനില്ക്കുകയില്ല. സ്വർഗ്ഗത്തിലെ നിക്ഷേപങ്ങളാകട്ടെ, എന്നും നിലനില്ക്കും.

നാം സൗമ്യശീലരായിരിക്കണമെന്ന് ഈശോ പഠിപ്പിച്ചു. എല്ലാവരോടും നാം ശാന്തമായി പെരുമാറണം. നാമെല്ലാവരും ദൈവത്തിൻെറ മക്കളാണ്. നാം പരസ്പരം സ്നേഹിക്കണം. അന്യർ നമ്മോട് എങ്ങനെ പെരുമാറണമെന്നു നാം ആഗ്രഹിക്കുന്നുവോ അങ്ങനെ നാം അന്യരോടും പെരുമാറണം.

തന്നെ പീഡിപ്പിച്ചവരോടു നമ്മുടെ രക്ഷകൻ ക്ഷമിച്ചു. നമ്മെ ഉപദ്രവിക്കുന്നവരോടു നാമും ക്ഷമിക്കണം. അപ്പോൾ ദൈവം നമ്മുടെ പാപങ്ങൾ നമ്മോടും ക്ഷമിക്കും.

സ്വർഗ്ഗത്തിൽ ദൈവത്തെക്കാണുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ഹൃദയം ശുദ്ധമായിരിക്കണം. തടാകത്തിലെ ശുദ്ധജലം കണ്ണാടിപോലെയാണ്. അതിൽ നീലാകാശം പ്രതിഫലിക്കുന്നു. ശുദ്ധിയുള്ള ആത്മാവു ദൈവത്തിൻെറ കണ്ണാടിപോലെയാണ്. ദൈവത്തിൻെറ സൗന്ദര്യവും വിശുദ്ധിയും ഒരളവിൽ അതിനും ഉണ്ട്.

ഈശോയുടെ വാക്കുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരത്രേ. അവർ ദൈവത്തോടൊത്തു സ്വർഗ്ഗത്തിൽ വസിക്കും.

## ഓർമ്മിക്കാൻ

"ചിതലും പുഴവും നശിപ്പിക്കയും കള്ളന്മാർ മോഷ്ടിക്കയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കേണ്ടാ; ചിതലാകട്ടെ പുഴവാകട്ടെ നശിപ്പിക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമുള്ള സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കുവിൻ."

(മത്തായി 6 : 19, 20)

## പ്രവർത്തിക്കാൻ

എന്നോട്ട് എതിർത്തു പറയുന്നവരോടു ഞാൻ സൗമ്യമായി പെരുമാറും.

എന്നെ ഉപദ്രവിക്കുന്നവരോടു ഞാൻ ക്ഷമിക്കും.

## പാടാൻ

അന്തരാത്മാവിൽ ദാരിദ്ര്യമുള്ളവർ
സന്തതം സ്വർഗ്ഗരാജ്യം വരിച്ചിടും.

സൗമ്യശീലർക്കു ഭാഗ്യം: ഈ ഭൂതലം
സ്വന്തമാക്കിയനുഭവിക്കുമവർ.

ദുഃഖമുള്ളോക്കു ഭാവുകം: ലബ്ധമാ-
മക്കലീനക്കു സാന്ത്വനം ശാശ്വതം.

നീതിയെച്ചൊല്ലി പൈദാഹമേല്പവർ
പൂതമാം തൃപ്തി കൈക്കൊണ്ടു ധന്യരാം.

കാരുണ്യാമൃതം തൂകുവോർ ധന്യരാ-
ണായവക്കു കരുണ ലഭിച്ചിടും.

അന്തരംഗവിശുദ്ധിയുള്ളോർക്കെന്നും
ബന്ധുരാനന്ദമീശ്വരദർശനാൽ.

ശാന്തിദൂതക്കു ഭാഗ്യം; ഈശാത്മജ-
രെന്നപേരവർക്കെന്നും ലഭിച്ചിടും.

സത്യത്തിനായ്കൊടും പീഡ യേല്പവർ
നിത്യരാജ്യത്തിനർഹരായ്ത്തീരുമേ.





12

# ദൈവരാജ്യം

ഈശോ ദൈവരാജ്യത്തെപ്പററി ജനങ്ങളെ പഠിപ്പിച്ചു. അവിടുന്നു പറഞ്ഞു: "സ്വർഗ്ഗരാജ്യം തൻെറ പുത്രനു വിവാഹവിരുന്നു് ഒരുക്കിയ രാജാവായ ഒരു മനുഷ്യനു സദൃശമാകുന്നു. അവൻ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെ വിളിക്കുവാൻ ദാസന്മാരെ അയച്ചു. എന്നാൽ, വരുവാൻ അവർക്കു മനസ്സുണ്ടാ

യില്ല. പിന്നെ അവൻ ദാസന്മാരോട് പറഞ്ഞു: വിരുന്നൊരുങ്ങിയിരിക്കുന്നു; ക്ഷണിക്കപ്പെട്ടിരുന്നവർ യോഗ്യന്മാരായിരുന്നില്ല. അതുകൊണ്ട്, നിങ്ങൾ വഴിത്തലകളിൽ ചെന്നു കാണുന്നവരെയെല്ലാം വിരുന്നിനു വിളിക്കുവിൻ. ആ ദാസന്മാർ വഴികളിലേയ്ക്കുചെന്നു ദുഷ്ടരും ശിഷ്ടരുമായി കണ്ടെത്തിയവരെയെല്ലാം കൂട്ടിക്കൊണ്ടുവന്നു. വിരുന്നുശാല വിരുന്നുകാരെക്കൊണ്ടു നിറയുകയും ചെയ്തു." (മത്തായി 22: 2, 3; 8 - 10)

ഈശോ ഉപമകൾവഴി ദൈവരാജ്യത്തെപ്പററി ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നു. നല്ലവനായ ഒരു രാജാവ് ഒരുക്കിയ വിരുന്നിനു തുല്യമാണു ദൈവരാജ്യമെന്ന് അവിടുന്നു പറഞ്ഞു. സ്വർഗ്ഗത്തിലെ വിരുന്നിനു നാമെല്ലാവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ രാജാവായി അംഗീകരിക്കുന്നവരെല്ലാവരും അവിടുത്തെ രാജ്യത്തിൽ എത്തിച്ചേരും.

നല്ല വിത്തുകൾ വിതയ്ക്കാൻ പുറപ്പെട്ട കൃഷിക്കാരനെപ്പോലെയാണു താൻ എന്ന് ഈശോ പറഞ്ഞു. വിത്തു ദൈവവചനമാണ്. അതു് എല്ലാ മനുഷ്യരുടേയും ഹൃദയത്തിൽ നിക്ഷേപിക്കപ്പെടുന്നു. ചിലർ ആ വിത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധിക്കുന്നു. അവർ നല്ല ജീവിതം നയിക്കുന്നു. മററു ചിലർ ദൈവവചനം കേൾക്കുന്നില്ല. അവർ ചീത്ത ജീവിതമാണു നയിക്കുന്നതു്. ലോകത്തിൽ നല്ലയാളുകളും ചീത്തയാളുകളും കാണപ്പെടുന്നതിനു കാരണമിതാണ്.

ലോകാവസാനത്തിൽ മാലാഖമാർ നല്ലയാളുകളേയും ചീത്തയാളുകളേയും വേർതിരിക്കും. ദുഷ്ടന്മാർ നരകത്തിൽ ശിക്ഷിക്കപ്പെടും. ശിഷ്ടന്മാർ സ്വർഗ്ഗത്തിൽ ദൈവത്തോടൊത്തു സൗഭാഗ്യം അനുഭവിക്കും. എല്ലാ മനുഷ്യരേയും തന്റെ പിതാവിന്റെ രാജ്യത്തിലേയ്ക്കു നയിക്കുവാനായിട്ടാണ് ഈശോ തിരുസ്സഭ സ്ഥാപിച്ചതു്. സഭ ഭൂമിയിലെ ദൈവരാജ്യമാണ്. സഭാംഗങ്ങൾ ദൈവത്തെ പിതാവിനെപ്പോലെയും രാജാവിനെപ്പോലെയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

## ഓർമ്മിക്കാൻ

ഈശോയുടെ വാക്കുകൾ:

"ദൈവരാജ്യത്തിലെ വിരുന്നനുഭവിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കാ 14 : 15).

1. ഭൂമിയിലെ ദൈവരാജ്യം എന്നു നാം വിളിക്കുന്നതു് എന്തിനെയാണ്?
2. ആരാണ് അതിനെ സ്ഥാപിച്ചതു്?

## പ്രവർത്തിക്കാൻ

എല്ലാമനുഷ്യരും ദൈവരാജ്യത്തിലുൾപ്പെടുവാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കും. ഒരു കത്തോലിക്കനായിരിക്കുക എന്ന അനുഗ്രഹത്തിനു് ഞാൻ ദൈവത്തിനു നന്ദിപറയും.



# 13

# ഈശോ നേതാക്കന്മാരെ പരിശീലിപ്പിക്കുന്നു

"അവൻ ഗലീലിയാക്കടലോരങ്ങളിൽ നടക്കുമ്പോൾ ശിമയോനും അവന്റെ സഹോദരനായ അന്ത്രയോസും കടലിൽ വലകൾ ഇടുന്നതു കണ്ടു. അവർ മീൻപിടിത്തക്കാരായിരുന്നു. ഈശോ അവരോട്, 'എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്നരുളിച്ചെയ്തു."

(മർക്കോ 1 : 16, 17)

"പിന്നെ അവൻ മലയിൽ കയറി താൻ തിരഞ്ഞെടുത്തവരെ വിളിച്ചു; അവർ അവൻെറ അടുക്കൽ വന്നു. തന്നോടൊന്നിച്ചു പ്രവൎത്തിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി പന്ത്രണ്ടുപേരെ അവൻ തിരഞ്ഞെടുത്തു."

(മൎക്കോ 3 : 13, 14)

ഒരു ദിവസം ഈശോ പ്രാൎത്ഥിക്കുവാൻ വേണ്ടി മലയിൽ കയറി. തൻെറ സഭയുടെ ആദ്യത്തെ നേതാക്കളെ തിരഞ്ഞെടുക്കുവാൻ അവിടുന്നു് ഒരുങ്ങുകയായിരുന്നു. ഈശോ മലമുകളിൽനിന്നു താഴെവന്നു പന്ത്രണ്ടുപേരെ വിളിച്ചു. ശിമയോൻപത്രോസ്, പത്രോസിൻെറ സഹോദരനായ അന്ത്രയോസ്, യാക്കോബു്, യാക്കോബിൻെറ സഹോദരനായ യോഹന്നാൻ, ഫിലിപ്പോസ്, ബൎത്തലോമിയാ, മത്തായി, തോമ്മാ, യാക്കോബു്, യാക്കോബിൻെറ സഹോദരനായ യൂദാ, കാനാക്കാരനായ ശിമയോൻ, ഈശോയെ ഒററിക്കൊടുത്ത യൂദാസ് - ഇവരായിരുന്നു ആ പന്ത്രണ്ടുപേർ. ഇവരെ ശ്ലീഹന്മാർ അല്ലെങ്കിൽ അപ്പസ്തോലന്മാർ എന്നു വിളിക്കുന്നു. 'അയയ്ക്കപ്പെട്ടവർ' എന്നാണു് ഈ വാക്കിൻെറ അൎത്ഥം.

യേശുക്രിസ്തു അപ്പസ്തോലന്മാൎക്കു സഭയിലെ ആദ്യത്തെ നേതാക്കന്മാരാകുവാൻ വേണ്ട പരിശീലനം നല്കി. ജനങ്ങളെ പഠിപ്പിക്കുവാനായി അവിടുന്നു് അവരെ പറഞ്ഞയച്ചു. ജനങ്ങളെ ഭരിക്കുവാനും അവ

ക്കു ക്രൂദാശകൾ നല്കുവാനുമുള്ള അധികാരം അവിടുന്ന് അവക്കു നല്കി.

ക്രിസ്തുനാഥൻ സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം അവിടുത്തെ അപ്പസ്തോലന്മാർ പല രാജ്യങ്ങളിലേക്കും യാത്രയായി. അവർ ദൈവവചനം ജനങ്ങളോടു പ്രസംഗിച്ചു. അനേകം ആളുകൾ അവരുടെ വാക്കുകൾ വിശ്വസിച്ചു.

അപ്പസ്തോലന്മാർ സഭയിലെ ആദ്യത്തെ മെത്രാന്മാരാണ്. അപ്പസ്തോലന്മാക്കുണ്ടായിരുന്ന അതേ അധികാരം തന്നെയാണ്, ഇന്നു മെത്രാന്മാക്കുമുള്ളതു്. മെത്രാന്മാരെ അവരുടെ ജോലിയിൽ വൈദികർ സഹായിക്കുന്നു.

ഓർമ്മിക്കാൻ

"നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു."

(ലൂക്കാ 10 : 16)

1. സഭയുടെ ആദ്യത്തെ നേതാക്കന്മാരാകുന്നതിനു ക്രിസ്തു ആരെയാണ് പരിശീലിപ്പിച്ചതു്?

2. അപ്പസ്തോലന്മാക്കു് ക്രിസ്തു എന്തെല്ലാം അധികാരങ്ങൾ നല്കി?

3. അപ്പസ്തോലന്മാരുടെ പിൻഗാമികൾ ആരാണ്?

## 14


### പാടാൻ

രണ്ടുണ്ടുശെമെൺ, അതിലൊന്നുകേപ്പാ,
രണ്ടുണ്ടുയൂദാസ്, അതിലൊന്നു ദ്രോഹി
രണ്ടുണ്ടുയാക്കോബതിലൊന്നു കൊച്ചൻ
കേപ്പയ്ക്കു സോദരൻ അന്ത്രയോസാഖ്യൻ
സ്നേഹത്തിൻ ഗീതികൾ പാടിയ ജോണി
തൊട്ടിട്ടു സംശയം തീർത്തോരു തോമ്മാ
ചുങ്കക്കാരനെന്നു പേരുള്ള മാത്യു
ബർത്തലോമി, ഫിലിപ്പ് എന്നിവർ രണ്ടും
ഈശമട്ടിലീശോയ്ക്കു പന്ത്രണ്ടു ശ്ലീഹർ
സന്മാതൃകയെല്ലാത്തു നേതൃത്വമേകാൻ.

### പ്രവർത്തിക്കാൻ

മെത്രാന്മാർക്കു ക്രിസ്തു നല്കിയിരിക്കുന്ന അധികാരത്തെ ഞാൻ വിലമതിക്കും.

ഞാൻ വൈദികരെ ബഹുമാനിക്കും.





# 14

## "നീ പാറയാകുന്നു"

ഈശോ ശിഷ്യന്മാരോടു ചോദിച്ചു: "ഞാൻ ആരാകുന്നു എന്നാണു നിങ്ങൾ പറയുന്നതു്?" ശിമയോൻ കേപ്പ മറുപടി പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു." ഈശോ മറുപടിയായി അരുൾചെയ്തു: "യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ, ജഡവും രക്തവുമല്ല (ഇതു) നിനക്കു വെളിപ്പെടുത്തിയതു്.

ഞാനും നിന്നോടു പറയുന്നു: നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിനെതിരായി ബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്തായി 16 : 17 - 19).

"അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ ഈശോ ശിമയോൻ പത്രോസിനോടു ചോദിച്ചു: "യോനായുടെ പുത്രനായ ശിമയോനെ, ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" പത്രോസ് പ്രതിവചിച്ചു: "ഉവ്വ്; കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ."

"എന്റെ കുഞ്ഞാടുകളെ മേയ്ക്കുക," ഈശോ അദ്ദേഹത്തോടരുൾചെയ്തു.

ഈശോ രണ്ടാം പ്രാവശ്യം പത്രോസിനോടു ചോദിച്ചു: "യോനായുടെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" പത്രോസ് പ്രതിവചിച്ചു: "ഉവ്വ്; കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ." "എന്റെ ആടുകളെ മേയ്ക്കുക" - ഈശോ അദ്ദേഹത്തോടരുൾചെയ്തു.

മൂന്നാം പ്രാവശ്യം ഈശോ പത്രോസിനോടു ചോദിച്ചു: "യോനായുടെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" മൂന്നാം പ്രാവശ്യവും "നീ എന്നെ

സ്നേഹിക്കുന്നുവോ?" എന്നു തന്നോടു് ഈശോ ചോദിക്കയാൽ പത്രോസ് ദുഃഖിതനായി. "കർത്താവേ, അങ്ങു സമസ്തവും അറിയുന്നുണ്ടല്ലോ; ഞാൻ അങ്ങയെ സ്നേഹിക്കുന്നെന്നു് അങ്ങേക്കറിയാമല്ലോ—" പത്രോസ് പ്രതിവചിച്ചു. ഉടനെ ഈശോ അദ്ദേഹത്തോടരുൾചെയ്തു: "എന്റെ ചെമ്മരിയാടുകളെ മേയ്ക്കുക."

(യോഹ. 21 : 15 - 17)

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം, പത്രോസ് അവിടുത്തെ ആട്ടിൻകൂട്ടത്തിന്റെ ഇടയനായി. ഈശോ അദ്ദേഹത്തോടു പറഞ്ഞിരുന്നു, "നീ ഭൂമിയിൽ കെട്ടുന്നതു സ്വർഗ്ഗത്തിലും കെട്ടപ്പെടും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെടും" എന്നു്.

വിശുദ്ധ പത്രോസാണു്, ആദ്യത്തെ മാർപ്പാപ്പ. എല്ലാ മെത്രാന്മാരേയും വിശ്വാസികളേയും പഠിപ്പിക്കുവാനും ഭരിക്കുവാനും അധികാരം അദ്ദേഹത്തിനുണ്ടായിരുന്നു.

വിശുദ്ധ പത്രോസിന്റെ അധികാരങ്ങൾ ഓരോ മാർപ്പാപ്പയ്ക്കുമുണ്ടു്. മാർപ്പാപ്പ ഈശോയുടെ നാമത്തിൽ നമ്മെ പഠിപ്പിക്കുന്നു. കത്തോലിക്കാസഭമുഴുവനേയും ഭരിക്കുന്നതു് അദ്ദേഹമാണു്. പരിശുദ്ധപിതാവു് എന്നു നാം അദ്ദേഹത്തെ വിളിക്കുന്നു. മാർപ്പാപ്പയെ അനുസരിക്കുന്നതുവഴി നാം ക്രിസ്തുവിനെത്തന്നെയാണു് അനുസരിക്കുന്നതു്.

## ഓർമ്മിക്കാൻ

**ഈശോയുടെ വാക്കുകൾ:**

**"പത്രോസേ, നീ പാറയാകുന്നു, ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും" (മത്തായി 16 : 18).**

1. ഈശോ തന്റെ സഭ മുഴുവന്റേയും നേതാവായി ആരെ തിരഞ്ഞെടുത്തു ?
2. ഈശോ പത്രോസിനു് എന്തധികാരമാണു കൊടുത്തതു്?
3. പത്രോസിനുകൊടുത്ത അതേ അധികാരങ്ങൾ ഇന്നു് ആർക്കാണുള്ളതു് ?
4. ഇപ്പോഴത്തെ മാർപ്പാപ്പ ആരാണു് ?

## പ്രവർത്തിക്കാൻ

**ഞാൻ മാർപ്പാപ്പയെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യും. അദ്ദേഹത്തിനുവേണ്ടി പതിവായി പ്രാർത്ഥിക്കും.**





# 15

# ജീവന്റേയും മരണത്തിന്റേയും നാഥൻ

“ഈ കല്ലു നീക്കുവിൻ” എന്നു് ഈശോ അരുൾചെയ്തു. മരിച്ചുപോയവന്റെ സഹോദരി മാർത്ത അവനോടു്: ‘എന്റെ കർത്താവേ, അവൻ പണ്ടേതന്നെ അഴുകിക്കഴിഞ്ഞു. അവൻ മരിച്ചിട്ടു് നാലുദിവസം ആയല്ലോ’ എന്നു പറഞ്ഞു. ഈശോ അവളോടു്: ‘നീ വിശ്വസിക്കുമെങ്കിൽ ദൈവത്തിന്റെ മഹത്ത്വം കാണും

എന്നു ഞാൻ നിന്നോടു പറഞ്ഞിട്ടില്ലയോ?' എന്നരുളിച്ചെയ്തു. ആകയാൽ അവർ ആ കല്ലു നീക്കി. അപ്പോൾ ഈശോ കണ്ണുകൾ മേല്പോട്ടുയർത്തി ഇപ്രകാരം പ്രാർഥിച്ചു: "പിതാവേ, അങ്ങ് എൻെറ പ്രാർഥന കേട്ടതുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. അങ്ങ് എപ്പോഴും എന്നെ ശ്രവിക്കുന്നുണ്ടെന്ന് എനിക്കറിയാം. അങ്ങാണ് എന്നെ അയച്ചതെന്ന് ഇവിടെ നില്ക്കുന്ന ഈ ജനക്കൂട്ടം വിശ്വസിക്കേണ്ടതിനു വേണ്ടിയാണ് ഞാൻ ഇവ പറയുന്നത്." ഇത്രയും അരുൾചെയ്തതിനുശേഷം അവിടുന്ന് 'ലാസറേ, പുറത്തുവരുക' എന്ന് ഉയർന്ന സ്വരത്തിൽ കല്പിച്ചു. തൽക്ഷണം, മരിച്ചവൻ പുറത്തുവന്നു. അവൻെറ കൈകാലുകൾ ശീലകൾകൊണ്ടു ബന്ധിച്ചിരുന്നു. മുഖം തുവാലകൊണ്ടു മൂടിയുമിരുന്നു. 'കെട്ടഴിച്ച് അവനെ സ്വതന്ത്രനാക്കുവിൻ', ഈശോ കല്പിച്ചു."

(യോഹന്നാൻ 11 : 39 - 44)

ഈശോ തൻെറ പരസ്യജീവിതകാലത്തു പല അത്ഭുതങ്ങളും പ്രവർത്തിച്ചു. അവിടുത്തെ അത്ഭുതങ്ങളിലൊന്ന്, മരിച്ച ലാസറെ ഉയിർപ്പിച്ചതാണ്. മറിയവും മാർത്തയും ലാസറിൻെറ സഹോദരികളായിരുന്നു. അവർ അയാളുമൊത്തു ബഥനിയിലാണു താമസിച്ചിരുന്നത്. ലാസറിനു സുഖക്കേടാണെന്ന വിവരം അവർ ഈശോയെ അറിയിച്ചു. ഈശോ ഉടനെതന്നെ ബഥനിയിലേയ്ക്കു പുറപ്പെട്ടില്ല. ലാസർ മരിച്ചതിനു ശേഷമാണ് ഈശോ അവിടെ എത്തിയത്.

"അങ്ങ് ഉണ്ടായിരുന്നെങ്കിൽ, എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു", എന്നു മാത്ത ഈശോയോടു പറഞ്ഞു. ഈശോ അവളോടു ചോദിച്ചു: "ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. നീ ഇതു് വിശ്വസിക്കുന്നോ?" മാത്ത മറുപടി പറഞ്ഞു: "ഉവ്വ്; കത്താവേ, അങ്ങു ദൈവപുത്രനാണെന്നു ഞാൻ വിശ്വസിക്കുന്നു."

ലാസറിനെ അടക്കിയിരുന്ന സ്ഥലത്തേയ്ക്കു് ഈശോ ചെന്നു. സ്വന്തം ശക്തികൊണ്ടു്, അവിടുന്നു ലാസറിനു വീണ്ടും ജീവൻ നല്കി.

ഈശോയ്ക്കു ഭൂമിയിലും സ്വൎഗ്ഗത്തിലും എല്ലാ അധികാരങ്ങളുമുണ്ടു്. അവിടുന്നു ജീവൻെറയും മരണത്തിൻെറയും നാഥനാണു്. ഈശോ മനസ്സുവച്ചിരുന്നെങ്കിൽ ശത്രുക്കൾക്കുപോലും, അവിടുത്തെ കൊല്ലുവാൻ കഴിയുമായിരുന്നില്ല. മരിക്കുവാനുള്ള സമയം വന്നപ്പോൾ ഈശോ നമുക്കുവേണ്ടി ജീവൻ ബലിയൎപ്പിച്ചു. ഇക്കാര്യത്തിൽ അവിടുന്നു സ്വൎഗ്ഗീയപിതാവിൻെറ ഇഷ്ടം അനുസരിച്ചു പ്രവൎത്തിച്ചു.

ഓൎമ്മിക്കാൻ

"ഈശോ അവളോ്ടു് അരുളിച്ചെയ്തു: 'പുനരുത്ഥാനവും ജീവനും ഞാനാകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'." (യോഹ 11 : 25)

ഈശോ ലാസറെ ഉയിൎപ്പിച്ചതെന്തിനു്?

പാടാൻ

(മാത്ത - ഈശോ)

"ഗുരോ, ഭവാനുണ്ടായിരുന്നെങ്കിലെൻെറ
സഹോദരൻ മൃതിപ്പെടാതിരുന്നേനെ."

"ഉറച്ചു വിശ്വസിച്ചിടുന്നവർക്കെല്ലാം
ഉയിർപ്പും ജീവനും കൊടുത്തിടുന്നു ഞാൻ."

"അവതരിക്കേണ്ടും മിശിഹാ നീയെന്നു്
അകമലരിൽ ഞാനുറച്ചിരിക്കുന്നു."

"എവിടെ സോദരനുറങ്ങും കല്ലറ?
അതിനുടെ മൂടിയെടുത്തുമാററുവിൻ."

"ഇതാ, വിഭോ! നാലുദിവസമായ്; നാററ-
മതിനുണ്ടാം മൂടിയെടുത്തുമാററിയാൽ."

"സകല ശക്തൻെറ മഹത്വം നീ കാണു-
മുറച്ച വിശ്വാസം നിനക്കുണ്ടെന്നാകിൽ.

പിതാവേ, നീയെന്നെ അയച്ചതാണെന്നീ
മഹാജനംകണ്ടുഗ്രഹിപ്പതിന്നായി

മരിച്ചവനെ ഞാൻ വിളിക്കുന്നു, 'ലാസർ,
പുറത്തിറങ്ങിവാ, കുടീരംവിട്ടു നീ'."

പ്രവർത്തിക്കാൻ

"കർത്താവേ, അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. എൻെറ വിശ്വാസത്തെ വർദ്ധിപ്പിക്കണമേ" എന്നു പതിവായി ഞാൻ ചൊല്ലും.

ഈശോയിൽ വിശ്വസിക്കാത്തവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും.




# ഓശാന

"ജനക്കൂട്ടങ്ങളിൽ മിക്കവരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. മററുള്ളവർ വൃക്ഷങ്ങളിൽ നിന്നു കൊമ്പുകൾ വെട്ടി വഴിയിൽ വിതറി. അവിടുത്തെ മുമ്പിൽ പോയിരുന്നവരും പിമ്പിൽ വന്നിരുന്നവരുമായ ജനക്കൂട്ടങ്ങൾ, 'ദാവീദിൻെറ പുത്രനു് ഓശാന! കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു! ഉന്നതങ്ങളിൽ ഓശാന!' എന്നു് ആർത്തുപറഞ്ഞു" (മത്തായി 21 : 8, 9).

ഒരു ഞായറാഴ്ച ഈശോ വിശുദ്ധനഗരമായ ജെറൂസലത്തേയ്ക്കു വിജയപൂർവ്വം പ്രവേശിച്ചു. ആളുകൾ ആർപ്പുവിളിയോടെ അവിടുത്തെ എതിരേററു. അവിടുന്നു രാജാവും രക്ഷകനുമാണെന്ന് അവർ വിളിച്ചുപറഞ്ഞു.

ഈശോ ജെറൂസലത്തിനടുത്തെത്തി. ജെറൂസലത്തിലെ ജനങ്ങൾ ദൈവത്തോടു നന്ദിയില്ലാത്തവരായതുകൊണ്ട് ആ പട്ടണം നശിപ്പിക്കപ്പെടുമെന്ന് ഈശോ പറഞ്ഞു. വരാനിരിക്കുന്ന നാശത്തെപ്പററി ഓർത്ത് അവിടുന്നു കരഞ്ഞു.

ഈശോ ദൈവാലയത്തിൽ പ്രവേശിച്ചു. അവിടെ മൃഗങ്ങളെ വാങ്ങുകയും വില്ക്കുകയും ചെയ്യുതിരുന്നവരെ അവിടുന്നു കണ്ടു. ഈ ആളുകൾ ദൈവത്തിൻെറ ഭവനത്തെ ഒരു ചന്തസ്ഥലമാക്കിത്തീർത്തിരുന്നു. ഇതു കണ്ടപ്പോൾ, ഈശോയ്ക്കു കോപമുണ്ടായി. "ഇതു പ്രാർത്ഥനയുടെ ആലയമാണ്, നിങ്ങൾ ഇതിനെ കള്ളന്മാരുടെ ഗുഹയാക്കിയിരിക്കുന്നല്ലോ" എന്നു പറഞ്ഞ്, ഈശോ അവരെ അടിച്ചു പുറത്താക്കി.

കുട്ടികൾ ഈശോയെ പുകഴ്ത്തുവാനാരംഭിച്ചു. "ദാവീദിൻെറ പുത്രന് ഓശാനാ!" എന്ന് അവർ വിളിച്ചുപറഞ്ഞു. ഈശോ സന്തോഷിച്ചു. ഏററവും നല്ല സ്തുതി പുറപ്പെടുന്നതു കുഞ്ഞുങ്ങളിൽ നിന്നാണെന്ന് അവിടുന്നു പറഞ്ഞു.

### ഓർമ്മിക്കാൻ

1. ഓശാനദിവസം ജനങ്ങൾ ഈശോയെ എങ്ങനെ എതിരേററു?
2. ഈശോ ദൈവാലയത്തിൽ കണ്ട അനാചാരമെന്ത്?
3. അതുകണ്ടിട്ട് ഈശോ എന്തുചെയ്തു?
4. ഈശോയെ കണ്ടപ്പോൾ കുഞ്ഞുങ്ങൾ എന്തു പറഞ്ഞു?

### പാടാൻ

ഓശാന ഓശാന
ദാവീദിൻ സുതനോശാന. ഓശാന .
സെഹിയോൻ പുത്രീ, മോദംപുണരുക
നിന്നുടെ നാഥനിതാ,
പ്രതാപവാനായ് വരുന്നു പൊന്നിൻ
കീർത്തനവീചികളിൽ. ഓശാന...
വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ
വരുന്നു ദൈവസുതൻ. ഓശാന...
നിരയായ് നീങ്ങും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു. ഓശാന...

### പ്രവർത്തിക്കാൻ

ദൈവാലയത്തിൽ ഞാൻ അനാചാരമായി പെരുമാറുകയില്ല.



## 17

# അനന്തസ്നേഹം

അപ്പസ്തോലന്മാരുടെ കാലുകൾ കഴുകിയതിനുശേഷം ഈശോ അവരോടു പറഞ്ഞു: "ഞാൻ നിങ്ങളോടുചെയ്തതു് എന്തെന്നു നിങ്ങൾക്കു മനസ്സിലായോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. നിങ്ങൾ പറയുന്നതു ശരി. എന്തുകൊണ്ടെന്നാൽ, ഞാൻ അങ്ങനെയാ

കന്നു. ആകയാൽ, നിങ്ങളുടെ കത്താവും ഗുരുവുമായിരിക്കുന്ന ഞാൻ നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം കാലുകൾ കഴുകുവാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു! എന്തുകൊണ്ടെന്നാൽ, ഞാൻ നിങ്ങളോടുചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഈ മാതൃക നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു. ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നല്കുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരംസ്നേഹിക്കുവിൻ'' (യോഹ. 13:13-15).

ഈശോയുടെ മരണത്തിനു തലേരാത്രിയിൽ, ഈശോയും അപ്പസ്തോലന്മാരും അവസാനത്തെ അത്താഴത്തിനു ഒരുമിച്ചുകൂടി. താൻ അപ്പസ്തോലന്മാരെ എത്രമാത്രം സ്നേഹിക്കുന്നു എന്നു തിരുവത്താഴസമയത്തു് ഈശോ കാണിച്ചുകൊടുത്തു. "നിങ്ങൾ പരസ്പരം സ്നേഹിക്കുമെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു് എല്ലാ മനുഷ്യരും അറിയും'' എന്നു് അവിടുന്നു പറഞ്ഞു.

അത്താഴസമയത്തു്, ഈശോ അപ്പം കൈകളിലെടുത്തു്, വാഴ്ത്തി, വിഭജിച്ചു്, ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു പറഞ്ഞു: "വാങ്ങി ഭക്ഷിക്കുവിൻ. ഇതു് എന്റെ ശരീരമാകുന്നു.'' അനന്തരം, രക്ഷകൻ പാനപാത്രമെടുത്തു വാഴ്ത്തി ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു പറഞ്ഞു: "ഇതിൽനിന്നു വാങ്ങി പാനംചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, ഇതു് എന്റെ രക്തമാകുന്നു.'' നമ്മുടെ ജീവന്റെ അപ്പമായി തന്നെത്തന്നെ നല്കുമെന്നുള്ള വാഗ്ദാനം ഈശോ ഇപ്രകാരം പൂത്തിയാക്കി.

"ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞുകൊണ്ടു്, അപ്പവും വീഞ്ഞും തൻെറ ശരീരരക്തങ്ങളായി പകർത്തുവാനുള്ള അധികാരം അവസാനത്തെ അത്താഴത്തിൻെറ സമയത്തു് ഈശോ അപ്പസ്തോലന്മാർക്കു നല്കി.

ദിവ്യകാരുണ്യത്തിൽ വസിക്കുന്ന ഈശോ നമ്മുടെ ജീവൻെറ അപ്പമാണു്. വിശുദ്ധകുർബാനയിലൂടെ നാം അവിടുത്തെ സ്വീകരിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നു.

## ഓർമ്മിക്കാൻ

1. അന്തിമഭോജനവേളയിൽ ഈശോ നല്കിയ പുതിയ കല്പന എന്തു്?
2. താൻ നമ്മുടെ ജീവൻെറ അപ്പമാകും എന്ന വാഗ്ദാനം ഈശോ എങ്ങനെ നിറവേററി?

## പ്രവർത്തിക്കാൻ

മററുള്ളവരെ സഹായിച്ചുകൊണ്ടു ഞാൻ അവരുടെ നേർക്കുള്ള സ്നേഹം പ്രകടിപ്പിക്കും. കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കും. വേണ്ടത്ര സമയം ഉപകാരസ്മരണ ചെയ്യും. വിശുദ്ധകുർബാനയിൽ സന്നിഹിതനായിരിക്കുന്ന ഈശോയെ സന്ദർഭംകിട്ടുമ്പോഴൊക്കെ ഞാൻ സന്ദർശിക്കും.



# 18

# പിതാവിന്റെ ഇഷ്ടം നിറവേറട്ടെ

ഈശോ ഇങ്ങനെ പ്രാർത്ഥിച്ചു: "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകററണമേ! എങ്കിലും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ!" അപ്പോൾ അവിടുത്തെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖ പ്രത്യക്ഷനായി. അനന്തരം അവിടുന്നു മരണവേദനയനുഭവിക്കുവാനും കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാനും തുടങ്ങി.

അവിടത്തെ വിയർപ്പു് രക്തത്തുള്ളികളായി നിലത്തു് ഇററിററുവീണു” (ലൂക്കാ 22 : 42 - 44).

ഈശോ അനുഭവിച്ച മനോവേദനകൾ അവിടത്തെ പീഡാനുഭവത്തിന്റെ ആരംഭം മാത്രമായിരുന്നു. പിതാവിന്റെ തിരുവിഷ്ടത്തോടുള്ള അനുസരണം കാണിക്കുന്നതിനും, പിതാവിന്റേയും നമ്മുടേയും നേർക്കു് തനിക്കുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനുംവേണ്ടിയാണു്, ഈശോ പീഡകൾ സഹിച്ചതു്.

ഈശോ നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തും പീഡകൾ സഹിച്ചുതന്നെ. പിതാവായ ദൈവം പീഡകൾ സഹിക്കുവാൻ പുത്രനെ അനുവദിച്ചതു്, പാപം എത്രവലിയ തിന്മയാണെന്നു നമ്മെ ഗ്രഹിപ്പിക്കാൻവേണ്ടിയാണു്.

### ഓർമ്മിക്കാൻ

1. ഈശോ പീഡകൾ സഹിച്ചതെന്തിനു് ?
2. പീഡകൾ സഹിക്കാൻ പിതാവു പുത്രനെ അനുവദിച്ചതെന്തിനു് ?

### പ്രവർത്തിക്കാൻ

എന്റെ എല്ലാ വേദനകളും പ്രയാസങ്ങളും ദൈവത്തെപ്രതി ഞാൻ സഹിക്കും.

19



# എല്ലാം പൂർത്തിയായി

"അവൻ കപാലം എന്നു വിളിക്കപ്പെടുന്ന സ്ഥലത്തെത്തി. അനന്തരം ഒരു കള്ളനെ വലത്തുവശത്തും ഇതരനെ ഇടത്തുവശത്തുമായി മൂവരേയും കുരിശിൽ തറച്ചു. ഈശോയാകട്ടെ, ഇപ്രകാരം പ്രാർത്ഥിച്ചു: 'പിതാവേ, തങ്ങൾ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവ

രോടു ക്ഷമിക്കണമേ!' അവർ അവിടുത്തെ വസ്ത്രങ്ങൾ നറുക്കിട്ടു വിഭജിച്ചെടുത്തു."

"ഏതാണ്ടു് ഉച്ചസമയം. മൂന്നുമണിവരെ ഭൂമിയിലെങ്ങും ഇരുട്ടുപരന്നു. സൂര്യൻ മങ്ങി. ദൈവാലയത്തിലെ തിരശ്ശീല നടുവേ കീറി. 'പിതാവേ, അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു് ഈശോ പ്രാണൻ വെടിഞ്ഞു" (ലൂക്കാ 23 : 33 - 34, 44 - 46).

പന്തിയോസ് പീലാത്തോസ് ഈശോയെ മരണത്തിനു വിധിച്ചു. പടയാളികൾ അവിടുത്തെ ചമ്മട്ടികൾകൊണ്ടടിച്ചു. പരിഹസിക്കാനായി മുൾമുടി ധരിപ്പിച്ചു. അനന്തരം, കുരിശിൽ തറയ്ക്കുകയുംചെയ്തു.

ഈശോ മൂന്നുമണിക്കൂർ കുരിശിൽ തൂങ്ങിക്കിടന്നു. ആ മൂന്നുമണിക്കൂറിനിടയ്ക്കു് ഏഴു പ്രാവശ്യം അവിടുന്നു സംസാരിച്ചു. തന്നെ ക്രൂശിച്ചവരോടു് ഈശോ ക്ഷമിച്ചു. നല്ല കള്ളനു് അവിടുന്നു പറുദീസ വാഗ്ദാനംചെയ്തു. തന്റെ മാതാവായ മറിയത്തെ ഈശോ നമുക്കു് അമ്മയായി നല്കി.

നീണ്ടുനിന്ന ഒരു നിശ്ശബ്ദതയ്ക്കുശേഷം, ഈശോ തന്റെ പിതാവിനോടു പ്രാർത്ഥിച്ചു. അനന്തരം, "എനിക്കു ദാഹിക്കുന്നു" എന്നു് അവിടുന്നു് അരുൾചെയ്തു. ഒരു പടയാളി അവിടുത്തേയ്ക്കു കുടിക്കുവാൻ വിനാഗരി കൊടുത്തു. ഏതാനും തുള്ളികൾ അവിടുന്നു കുടിച്ചു. "എല്ലാം പൂർത്തിയായി" എന്നു് അവിടുന്നു് അരുൾചെയ്തു.

അതുകഴിഞ്ഞു്, "പിതാവേ, എൻെറ ആത്മാവിനെ അങ്ങേ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു" എന്നു് ഉച്ചത്തിൽ പറഞ്ഞിട്ടു് രക്ഷകൻ ജീവൻ വെടിഞ്ഞു.

ഈശോ തൻെറ ജോലി പൂർത്തിയാക്കി. പിതാവിൻെറ തിരുവിഷ്ടം അനുസരിച്ചുകൊണ്ടു്, നമ്മെ രക്ഷിക്കുവാൻ ഈശോ ജീവൻ ബലികഴിച്ചു. കുരിശുമരണം വഴി പിതാവിൻേറയും നമ്മുടേയും നേർക്കുള്ള സ്നേഹം ഈശോ പ്രത്യക്ഷമാക്കി.

കുരിശിലെ ബലി നടന്നതു് രണ്ടായിരത്തോളം വർഷങ്ങൾക്കു മുൻപാണു്. എങ്കിലും ആ ബലി വിശുദ്ധകുർബാന എന്ന ബലിയിലൂടെ ഇന്നും നവീകരിക്കപ്പെടുന്നു.

### ഓർമ്മിക്കാൻ

കുരിശിൽകിടന്നുകൊണ്ടു് ഈശോ അരുൾചെയ്ത വാക്കുകൾ: "പിതാവേ, തങ്ങൾ ചെയ്യുന്നതെന്തെന്നു് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ!" (ലൂക്കാ 23 : 34)

1. ക്രിസ്തുനാഥൻ എന്തിനാണു ജീവൻ ബലിയർപ്പിച്ചതു്?
2. പിതാവിൻേറയും നമ്മുടേയും നേർക്കുള്ള സ്നേഹം ക്രിസ്തു എങ്ങനെ പ്രത്യക്ഷമാക്കി?
3. കുരിശിലെ ബലിയിൽ നാം പങ്കുകാരാകുന്നതെങ്ങനെ?

## പാടാൻ

ഗാഗുൽത്തായിലെ രക്തബലി
ഈ അൾത്താരയിൽ നിത്യബലി,
താതാ,നിന്തിരുമുമ്പിലിതാ
കാഴ്ചയണച്ചീടുന്നുമുദാ.
പാപം മോചിച്ചീടണമേ,
താപംതീർത്തു തുണയ്ക്കണമേ,
കൃപയുംവരവും ശാന്തിസുഖം
നിത്യാനന്ദവുമേകണമേ!

## പ്രവർത്തിക്കാൻ

കാൽവരിയിൽ തന്നെത്തന്നെ ബലിയർപ്പിച്ചതിനു ഈശോയോടു ഞാൻ നന്ദിപറയും.

വിശുദ്ധകുർബാനയിൽ സംബന്ധിക്കുമ്പോൾ മിശിഹായുടെ പീഡാനുഭവത്തെപ്പററി ഞാൻ ചിന്തിക്കും.

എന്നെ ആരെങ്കിലും നിന്ദിച്ചാൽ ഞാൻ പകവീട്ടുകയില്ല. ഞാൻ അവരോടു ക്ഷമിക്കും.



# ഉയിർപ്പ്

20



“ദൈവദൂതൻ സ്ത്രീകളോടു പറഞ്ഞു: ‘നിങ്ങൾ ഭയപ്പെടേണ്ടാ. കുരിശിൽ തറയ്ക്കപ്പെട്ട ഈശോയെ നിങ്ങൾ അന്വേഷിക്കുന്നുവെന്നു ഞാൻ അറിയുന്നു.



അവിടുന്നു് ഇവിടെയില്ല; അരുൾചെയ്തിരുന്നതുപോലെ അവിടുന്നു് ഉയിർത്തെഴുന്നേറ്റു. വന്നു് നമ്മുടെ കർത്താവിനെ സംസ്കരിച്ച സ്ഥലം കാണുവിൻ. വേഗം പോയി അവിടുത്തെ ശിഷ്യരോടു

അവിടുന്നു മരിച്ചവരുടെ ഇടയിൽനിന്നു് ഉയിർത്തെഴുന്നേററു എന്നു പറയുവിൻ. അവിടുന്നു നിങ്ങൾക്കു മുമ്പായി ഗലീലയിലേയ്ക്കു പോകും. അവിടുത്തെ അവിടെ നിങ്ങൾ കാണും. ഇതാണു് എനിക്കറിയിപ്പാനുള്ളതു്.' ഭയത്തോടും അതേസമയം വലിയ സന്തോഷത്തോടും കൂടെ അവർ പ്രേതാലയത്തിങ്കൽനിന്നു വേഗം പോയി, ശിഷ്യന്മാരെ വിവരം അറിയിക്കുവാൻ. അപ്പോൾ ഈശോ അവർക്കു പ്രത്യക്ഷപ്പെട്ടു്, "നിങ്ങൾക്കു സമാധാനം" എന്നരുൾചെയ്തു. അവർ അടുത്തുചെന്നു് കർത്താവിനെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു് ആരാധിച്ചു."

(മത്തായി 28 : 5 - 9)

സാബത്തുരാത്രികഴിഞ്ഞു്, ഞായറാഴ്ച അതിരാവിലെ ഒരു ഭൂകമ്പമുണ്ടായി. സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖ ഇറങ്ങിവന്നു് ഈശോയുടെ കബറിടത്തിൻെറ കല്ലു തട്ടിമാററി. കബറിടത്തിങ്കൽ കാവൽനിന്നിരുന്ന പടയാളികൾ അത്യധികം ഭയപ്പെട്ടു് ഓടിപ്പോയി.

ഈശോയുടെ കബറിടത്തെ ഏതാനും സ്ത്രീകൾ സമീപിച്ചു. അതു ശൂന്യമായിരിക്കുന്നുവെന്നു് അവർ കണ്ടു. ഈശോ ഉയിർത്തെഴുന്നേററുവെന്നു ദൈവദൂതൻ അവരെ അറിയിച്ചു.

മഗ്ദലനമറിയം മൃതശരീരം തിരക്കവേ, ഈശോ അവൾക്കു പ്രത്യക്ഷനായി. "മറിയം" എന്നു് അവിടുന്നു് അവളെ വിളിച്ചു. അവൾ ഈശോയെ കണ്ടപ്പോൾ "ഗുരോ" എന്നു വിളിച്ചുകൊണ്ടു് അവിടുത്തെ പക്കലേയ്ക്കു തിരിഞ്ഞു.

ദൈവപുത്രനായ ഈശോമിശിഹാ മരിച്ചവരിൽ നിന്നു് ഉയിർത്തു. ഈശോ സ്വന്തംജീവനെ ബലിയായി സമർപ്പിച്ചതു പിതാവായ ദൈവം സ്വീകരിച്ചു. ഈശോയെ ഉയിർപ്പിച്ചുകൊണ്ടു് പിതാവു് അവിടുത്തേയ്ക്കു പ്രതിസമ്മാനം നല്കി.

ഈശോ നേരത്തെ അരുൾചെയ്തിരുന്നതുപോലെ മരിച്ചവരിൽനിന്നു് ഉയിർത്തു. ഈശോയുടെ പുനരുത്ഥാനത്തിൽനിന്നു് അവിടുന്നു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്നു നാം മനസ്സിലാക്കുന്നു. ഈശോ പഠിപ്പിച്ചതെല്ലാം സത്യമാണെന്നും നാം ഗ്രഹിക്കുന്നു. ഈശോ മരിച്ചവരിൽനിന്നു് ഉയിർത്തതുമൂലം, നമ്മളും വീണ്ടും ഉയിർക്കുമെന്നു നമുക്കറിയാം.

ഉയിർപ്പുദിവസം ഈശോ അപ്പസ്തോലന്മാർക്കു പ്രത്യക്ഷനായി, "നിങ്ങൾക്കു സമാധാനം" എന്നു് അരുൾചെയ്തു. അനന്തരം, പാപങ്ങൾ പൊറുക്കുവാനുള്ള അധികാരം അവിടുന്നു് അവർക്കു കൊടുത്തു.

കുമ്പസാരമെന്ന കൂദാശ ഈശോ നമുക്കു നല്കിയ ദാനമാണു്. പാപത്താൽ മരിക്കുന്ന ആത്മാക്കൾക്കു കുമ്പസാരംവഴി പ്രസാദവരമാകുന്ന ജീവൻ തിരികെക്കിട്ടുന്നു.

ഓർമ്മിക്കാൻ

വിശുദ്ധ ലിഖിതത്തിൽനിന്നു്:

"മിശിഹാ മരിച്ചവരിൽനിന്നു് ഉയിർത്തെഴുന്നേറ്റെന്നും അവൻ വീണ്ടും മരിക്കയില്ലെന്നും മരണത്തിനു്

അവൻെറമേൽ അധികാരമില്ലെന്നും നാം അറിയുന്നു.

(റോമ. 16 : 9)

ഈശോയുടെ പുനരുത്ഥാനത്തിൽനിന്നു നാം എന്തൊക്കെ പഠിക്കുന്നു ?

പാടാൻ

"ഞാനെൻ പിതാവിൻെറ പക്കൽ
പോകുന്നിതാ, യാത്ര ചൊൽവൂ"
സ്വർല്ലോകനാഥൻ മൊഴിഞ്ഞു
സന്താപമെങ്ങും നിറഞ്ഞു.

"അസ്വസ്ഥരാകേണ്ട നിങ്ങൾ,
വിശ്വാസദീപം തെളിപ്പിൻ
ഒട്ടേറെയുണ്ടെൻ പിതാവിൻ
ഗേഹത്തു പൂമന്ദിരങ്ങൾ.

"നിങ്ങൾക്കിടം ചെന്നൊരുക്കാൻ
പോകുന്നു ഞാനങ്ങു വിണ്ണിൽ
വീണ്ടുംവരും ഞാനൊരിക്കൽ
നിങ്ങളെപ്പൂവിണ്ണിലേററാൻ."

പ്രവർത്തിക്കാൻ

രക്ഷകൻെറ വിജയത്തിലും മഹത്വത്തിലും ഞാൻ സന്തോഷിക്കും. പാപികളുടെ മാനസാന്തരത്തിനായി ഞാൻ പ്രാർത്ഥിക്കും.



21

# "നാഥാ, പിരിയരുതേ"

"അപ്പോൾ ഈശോ അവരോട് അരുൾചെയ്തു: 'പ്രവാചകവചനങ്ങൾ വിശ്വസിക്കാൻ കഴിയാതെപോയ മന്ദബുദ്ധികളേ, മിശിഹാ ഇവയെല്ലാം സഹിച്ച്, തൻെറ മഹത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലയോ ?' അനന്തരം മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെക്കുറിച്ച് എഴുതിയിട്ടുള്ളവ അവിടന്ന് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു. അവർക്കു പോകേണ്ടിയിരുന്ന ഗ്രാമത്തോട് അവർ

അടുത്തു. അവിടുന്നു പിന്നെയും മുമ്പോട്ടു പോകുന്നതായി ഭാവിച്ചു. അപ്പോൾ അവർ അവിടുത്തോട്, 'ഇപ്പോൾ പകൽ അസ്തമിക്കുവാൻ പോകുന്നതിനാൽ ഞങ്ങളോടു കൂടെ താമസിക്കുക' എന്നു പറഞ്ഞ് അവനെ നിർബന്ധിച്ചു. അതനുസരിച്ച് അവിടുന്ന് അവരോടുകൂടെ പാർക്കുവാൻ കയറി" (ലൂക്കാ 24 : 25 - 29).

ഉയിർപ്പുഞായറാഴ്ച ഈശോയുടെ രണ്ടു ശിഷ്യന്മാർ അടുത്തുള്ള ഒരു ഗ്രാമത്തിലേയ്ക്കു പോവുകയായിരുന്നു. ഗുരുവിന്റെ മരണത്തെപ്പററി അവർ വേദനയോടെ സംസാരിച്ചു. ഈശോ മരിച്ചവരിൽനിന്ന് ഉയിത്തു എന്ന വാത്ത അവർ വിശ്വസിച്ചില്ല.

ഈശോ ആ ശിഷ്യന്മാരെ ഇടയ്ക്കുവച്ചു കണ്ടുമുട്ടി. എന്നാൽ, അവക്ക് അവിടുത്തെ മനസ്സിലായില്ല. ഈശോ അവരോടു സംസാരിച്ചു. ക്രിസ്തു തന്റെ മഹത്വത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പ് പീഡകൾ സഹിക്കേണ്ടിയിരുന്നുവെന്ന് അവിടുന്ന് അവരോടു പറഞ്ഞു.

തങ്ങൾ കണ്ടു സംസാരിച്ച ആൾ ആരാണെന്നു ശിഷ്യന്മാർ മനസ്സിലാക്കിയപ്പോഴേയ്ക്കും ഈശോ അപ്രത്യക്ഷനായി. ഗുരുവിനെ കണ്ടു എന്ന വാത്ത മററുള്ളവരോടു പറയുവാൻവേണ്ടി ആ ശിഷ്യന്മാർ ജെറുസലത്തേയ്ക്കു വേഗംപോയി.

ഉയിർപ്പിനുശേഷം ഈശോ പലപ്രാവശ്യം ശിഷ്യന്മാക്കു പ്രത്യക്ഷനായി. അവിടുന്ന് അവക്കു സമാധാനവും സന്തോഷവും പകർന്നു കൊടുത്തു.

ഒരു ദിവസം ഈശോ കടൽക്കരയിൽവച്ച് അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ടു. അവിടുന്നു അവർക്കുവേണ്ടി ഒരത്ഭുതം പ്രവർത്തിച്ചു. വളരെനേരം വലവീശിയിട്ടും ഒരുമീനും കിട്ടാതിരുന്ന അപ്പസ്തോലന്മാരുടെ വലകൾ അതാ മീൻകൊണ്ടു നിറഞ്ഞു! അവർ ആ മീനെല്ലാം കരയ്ക്കെത്തിച്ചു. അപ്പോഴേയ്ക്കും ഈശോ അവർക്കായി ഭക്ഷണം തയ്യാറാക്കി വച്ചിരിക്കുന്നത് അവർ കണ്ടു! കർത്താവ് എത്ര കാരുണ്യവാനാണ്!

അന്ന് ഈശോ തൻെറ സഭയുടെമേൽ പത്രോസിനു് അധികാരം നല്കി. അവിടുന്നു പത്രോസിനെ തൻെറ ആട്ടിൻകൂട്ടത്തിൻെറ ഇടയനാക്കി.

### ഓർമ്മിക്കാൻ

1. ഗ്രാമത്തിലേയ്ക്കു പോയ ശിഷ്യന്മാരോട് ഈശോ എന്തുപറഞ്ഞു?
2. സഭയുടെമേൽ അധികാരം ഈശോ ആർക്കാണു നല്കിയത്?

### പ്രവർത്തിക്കാൻ

കത്തോലിക്കാസഭ പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും ഞാൻ സ്വീകരിക്കുന്നു.

കത്തോലിക്കാസഭയുടെ അദൃശ്യതലവൻ ഈശോ ആണെന്നു ഞാൻ വിശ്വസിക്കുന്നു.

## 22



# "ഞാൻ പിതാവിന്റെ അടുക്കലേയ്ക്കു പോകുന്നു"

"ഈശോ അടുത്തുവന്ന് അവരോടു സംസാരിച്ചു. അവിടുന്ന് അരുൾചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾപോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവക്കു മാമ്മോദീസ നല്കുവിൻ;

ഞാൻ നിങ്ങളോട കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കു വാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാ വസാനം വരെ എല്ലാ ദിവസവും നിങ്ങളോടുകൂടെ ഉണ്ടാ യിരിക്കും." (മത്തായി 28 : 18 - 20)

ഈശോ സ്വർഗ്ഗത്തിലേയ്ക്കു മടങ്ങിപ്പോകുന്നതിനു മുമ്പ് അപ്പസ്തോലന്മാരോട പല കാര്യങ്ങളും നിർദ്ദേശിച്ചു. താൻ അവരെ പഠിപ്പിച്ചവയെല്ലാം എല്ലാ മനുഷ്യരെയും പഠിപ്പിക്കുവാൻ ഈശോ അവരോട് ആജ്ഞാപിച്ചു. കൂദാശകൾവഴി ജീവന്റെ ദാനം മനുഷ്യർക്കു നല്കുവാൻ അവിടുന്ന് അവരോട കല്പിച്ചു. ഈ വലിയ ജോലി ചെയ്യുന്നതിൽ അവരെ സഹായിക്കുവാൻ പരിശുദ്ധാത്മാ വിനെ അയയ്ക്കുമെന്ന് ഈശോ വാഗ്ദാനംചെയ്തു. താൻ അവരോടൊത്ത് എന്നും വസിക്കുമെന്നും അവിടുന്നു വാക്കുകൊടുത്തു.

ഉയിർപ്പുകഴിഞ്ഞു നാല്പതാം ദിവസം ഈശോ അപ്പ സ്തോലന്മാരെ ഒലിവു മലയിലേക്കു കൂട്ടിക്കൊണ്ടുപോ യി. അവിടുന്നു കരങ്ങളുയർത്തി അവരെ അനുഗ്രഹിച്ചു. അതിനുശേഷം ഈശോ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു.

ഈശോ സ്വർഗ്ഗത്തിലേക്കുയരുന്നതു് അപ്പസ്തോല ന്മാർ നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു രണ്ടു ദൈവദൂത ന്മാർ വന്നു് അവരോടു ചോദിച്ചു: "എന്തിനാണു നിങ്ങൾ മുകളിലേക്കു നോക്കുന്നതു്? ഈശോ അപ്രത്യ ക്ഷനായതുപോലെ, ഒരു ദിവസം വീണ്ടും വരും."


അപ്പസ്തോലന്മാർ ജെറുസലത്തേക്കു മടങ്ങിപ്പോയി. അവർ പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചിരുന്നു. അവർക്കായി ഒരു സ്ഥാനം ഒരുക്കാമെന്നു് ഈശോ വാഗ്ദാനം ചെയ്തിരുന്നു. ഈശോയുടെ അനന്തമായ മഹത്ത്വത്തെക്കുറിച്ച് അവർ ചിന്തിച്ചു. ഒരു ദിവസം തങ്ങളും അവിടത്തെ മഹത്ത്വത്തിൽ പങ്കാളികളാകുമല്ലോ എന്നു വിചാരിച്ച് അവർ ആഹ്ലാദിച്ചു.

**ഓർമ്മിക്കാൻ**

1. ഈശോ സഭയോടൊത്തു് എന്നും ഉണ്ടായിരിക്കുമെന്നു് ഏതു വാക്കുകളിൽനിന്നു മനസ്സിലാക്കാം?
2. നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ എന്തു് ഒരുക്കുമെന്നാണു് ഈശോ പറഞ്ഞതു്?

**പ്രവർത്തിക്കാൻ**

ഞാൻ ദൈവത്തിൻെറ ഒരു നല്ല കുട്ടിയായി ജീവിക്കും. എൻെറ കൂട്ടുകാരും നല്ലവരാകാൻ ഞാൻ പ്രാർത്ഥിക്കും. ഞാൻ എൻെറ വിശ്വാസം ഏറ്റുപറയും.



## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു; പന്തിയോസ് പീലാത്തോസിൻെറ കാലത്തു പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി സർവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെനിന്ന്, ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധകത്തോലിക്കസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിൻെറ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു.

ആമ്മേൻ.

23



# ഈശോ വാഗ്ദാനം നിറവേററുന്നു

“പന്തക്കുസ്താത്തിരുനാളിൻെറ അവസാനത്തിൽ ശ്ലീഹന്മാർ എല്ലാവരും ഒരിടത്തുക്കൂടിയിരിക്കുക യായിരുന്നു. പെട്ടെന്നു് കൊടുങ്കാററടിക്കുന്നതുപോലെയുള്ള ഒരു സ്വരമുണ്ടായി. അതു് അവർ ഇരുന്നിരുന്ന വീടു മുഴുവൻ മുഴങ്ങി. തീനാളം പോലെയുള്ള നാവുകൾ അവർ കണ്ടു. അവ വന്നു് അവർ ഓരോരുത്തരുടേയും

മേൽ പതിച്ചു. അങ്ങനെ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" (നടപടി 2: 1—4).

പരിശുദ്ധാത്മാവിനെ അപ്പസ്തോലന്മാരുടെ പക്കലേക്ക് അയയ്ക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തിരുന്നു. ഈ വാഗ്ദാനത്തിൽ ഉറച്ച് അവർ സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥനാനിരതരായി ഒമ്പതുദിവസം ചെലവഴിച്ചു. സ്വർഗ്ഗാരോഹണം കഴിഞ്ഞു പത്താം ദിവസം തീനാളങ്ങളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ആഗതനായി. അവിടുന്നു തന്റെ പ്രകാശവും സ്നേഹവും കൊണ്ട് അവരെ നിറച്ചു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ജനക്കൂട്ടത്തോടു പ്രസംഗിക്കുവാൻ അവർ സെഹിയോൻ ഊട്ടുശാലയിൽ നിന്ന് ഇറങ്ങിവന്നു. രക്ഷപ്രാപിക്കാൻ മാമ്മോദീസ സ്വീകരിക്കണമെന്നു പത്രോസ് ജനക്കൂട്ടത്തോടു പ്രസംഗിച്ചു. അനേകർ വിശ്വസിക്കുകയും മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു.

പന്തക്കുസ്താഞായറാഴ്ച നിരവധി ആളുകൾക്ക് അപ്പസ്തോലന്മാർ മാമ്മോദീസ നല്കി. അന്നുമുതൽ സഭ വളരുവാൻ തുടങ്ങി. ഭൂമിയിലുള്ള ദൈവത്തിന്റെ കുടുംബം നിരന്തരം വളർന്നുകൊണ്ടേയിരിക്കുന്നു.

പരിശുദ്ധാത്മാവു കത്തോലിക്കാസഭയെ ഏകവിശ്വാസത്തിൽ ഒന്നിച്ചു ചേർക്കുന്നു. സഭയിലെ ഭരണാധികാരികളെ നയിക്കുന്നത് അവിടുന്നാണ്. ദൈവമക്കൾക്കെല്ലാം പ്രസാദവരജീവൻ നല്കുന്നതും അവിടുന്നുതന്നെ.

ഭൂമിയിലെ ദൈവമക്കൾ നിത്യരക്ഷയ്ക്കുവേണ്ടി പരിശ്രമിക്കുന്നു. ചിലർ ദൈവപ്രസാദത്തിലാണ് മരിക്കുന്നതെങ്കിലും പാപക്കടങ്ങളുടെ മാലിന്യം തീർന്നവരല്ലായിരിക്കാം. ഇങ്ങനെയുള്ളവർ <u>ശുദ്ധീകരണസ്ഥല</u>ത്തുവച്ചു പൂർണ്ണമായി നിർമ്മലരാക്കപ്പെടുന്നു.

ശുദ്ധീകരണസ്ഥലത്തിലെ ഈ ആത്മാക്കൾ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ പ്രാർത്ഥനമൂലം നാം സഹായിക്കുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധർ തങ്ങളുടെ പ്രാർത്ഥനയിലൂടെ നമ്മെയും സഹായിക്കുന്നു.

ഭൂമിയിലെ ദൈവസുതരും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളും സ്വർഗ്ഗത്തിലെ വിശുദ്ധരും തമ്മിലുള്ള ബന്ധത്തിനാണ **പുണ്യവാന്മാരുടെ ഐക്യം** എന്നു പറയുന്നതു്.

### ഓർമ്മിക്കാൻ

#### ഈശോയുടെ വാക്കുകൾ:

"എൻെറ നാമത്തിൽ പിതാവയയ്ക്കുന്ന ആശ്വാസപ്രദൻ, പരിശുദ്ധാത്മാവു്, സകലതും നിങ്ങൾക്കു വിശദമാക്കിത്തരും. ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും."

(യോഹ. 14 : 26)

1. തൻെറ സഭയിലേക്കു് ആരെ അയയ്ക്കുമെന്നാണ് ഈശോ വാഗ്ദാനം ചെയ്തതു്?
2. ആരാണു പരിശുദ്ധാത്മാവു്?

## പ്രവർത്തിക്കാൻ

ഞാൻ വിശുദ്ധരോട് സഹായം അപേക്ഷിക്കും.

ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ പ്രാർത്ഥന വഴി ഞാൻ സഹായിക്കും.

പരിശുദ്ധാത്മാവിനോടുള്ള ഈ ജപം ഞാൻ ചൊല്ലും:

പരിശുദ്ധാത്മാവേ, എഴുന്നള്ളി വരുക. അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ അങ്ങു നിറയ്ക്കുക. അങ്ങേ സ്നേഹാഗ്നി അവരിൽ ജ്വലിപ്പിക്കുക. സർവ്വേശ്വരാ, അങ്ങേ അരൂപിയെ അയയ്ക്കുക. അപ്പോൾ സകലവും സൃഷ്ടിക്കപ്പെടും; ഭൂമുഖത്തെ അങ്ങു നവീകരിക്കുകയും ചെയ്യും.

## പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവിൻെറ പ്രകാശത്താൽ വിശ്വാസികളുടെ ഹൃദയങ്ങളെ പഠിപ്പിച്ച സർവ്വേശ്വരാ, അങ്ങേ അരൂപിയാൽ ശരിയായവ ഞങ്ങൾ ഗ്രഹിക്കുവാനും അങ്ങേ ആശ്വാസത്താൽ എപ്പോഴും ആനന്ദിക്കുവാനും ഞങ്ങളുടെ കർത്താവീശോമിശിഹായെ പ്രതി ഞങ്ങൾക്കു കൃപ ചെയ്യണമേ! ആമ്മേൻ.

ശ്ലീഹന്മാരുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

# നമ്മുടെ ബലി

## 24



വിശുദ്ധ കർബാന സമപ്പിക്കു മ്പോൾ, ദൈവസന്നിധിയിൽ നാം ഒത്തുചേരുന്നു. ദൈവ ത്തിനു് ഏറ്റം ഉന്നതമായ ബ ലിസമപ്പിക്കുന്നതിൽ നാമും പ ങ്കാളികളാകുന്നു. കർബാനയു ടെ സമയത്തു വായിക്കുന്ന ലേ ഖനത്തിലൂടെ സഭയുടെ പ്രബോ ധനങ്ങൾ നാം ഗ്രഹിക്കുന്നു. സു വിശേഷം വായിക്കുമ്പോൾ നാം ആദരപൂർവ്വം എഴുന്നേററു നിന്നു ദൈവവചനം കേൾക്കു ന്നു. കാഴ്ചവയ്പിൻെറ സമയത്തു് നാം നമ്മെത്തന്നെ ദൈവ ത്തിനു സമർപ്പിക്കുന്നു. പു രോഹിതൻ കൂദാശവച നങ്ങൾ ഉച്ചരിക്കുമ്പോൾ ഈശോനാഥൻെറ ബലി സമപ്പണത്തിൽ നാമും പ ങ്കുചേരുന്നു. അനന്തരം നിത്യപിതാവിൻെറ ദാ നമായ ക്രിസ്തുവിനെ ദി വ്യകാരുണ്യത്തിലൂടെ

നാം ഉൾക്കൊള്ളുന്നു. ദൈവസുതരെല്ലാവരും ഐക്യത്തിൽ സമാധാനപൂർവ്വം വർത്തിക്കാൻ ഇടയാക്കണമെന്നു നാം പ്രാർത്ഥിക്കുന്നു. ദിവ്യകാരുണ്യം സ്വീകരിച്ചതിനു ശേഷം കർത്താവിനു നന്ദിപറയുന്നു. ദിവ്യപൂജയിൽ സംബന്ധിക്കുമ്പോൾ മേല്പറഞ്ഞ കാര്യങ്ങളെല്ലാം നമ്മുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കണം.

## നമ്മുടെ ബലി

### A. മലബാർ ക്രമത്തിൽ

### 1. നാം ദൈവസന്നിധിയിൽ ഒന്നിച്ചുകൂടുന്നു.



എല്ലാവരും നില്ക്കുന്നു. കുരിശടയാളം വരച്ച്, അത്യുന്നതങ്ങളിൽ ദൈവത്തിനുസ്തുതി എന്നു ചൊല്ലിയാണ് കാർമ്മികൻ ബലിയാരംഭിക്കുന്നത്. സമൂഹം ആമ്മേൻ എന്നുത്തരം പറയുന്നു. തുടർന്നു സങ്കീർത്തനവാക്യങ്ങൾ ചൊല്ലുന്നു. ദൈവത്തിന്റെ നിരവധിയായ അനുഗ്രഹങ്ങൾക്കു നന്ദിപറയുന്നു.

### 2. ദൈവവചനം ശ്രവിക്കുന്നു

ലേഖനം വായിക്കുമ്പോൾ സഭയുടെ പ്രബോധനങ്ങളാണ് നാം കേൾക്കുക. സുവിശേഷത്തിലാകട്ടെ, ജീവന്റെ വചനം തന്നെ നാം കേൾക്കുന്നു.

### 3. വിശ്വാസപ്രഖ്യാപനം

സമാധാനത്തിനും ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടി എല്ലാവരും പ്രാർത്ഥിക്കുന്നു. "കർത്താവേ, ബലവാനായ ദൈവമേ, .." എന്നു തുടങ്ങുന്ന മാദ്ധ്യസ്ഥ്യപ്രാർത്ഥന കഴിഞ്ഞു പുരോഹിതൻ ജനങ്ങളെ ആശീർവ്വദിച്ചതിനുശേഷം എല്ലാവരും ചേർന്നു വിശ്വാസപ്രമാണം ചൊല്ലുന്നു.

### 4. കാഴ്ച്ചവയ്പ്പ്



കമ്മി അപ്പവും വീഞ്ഞും ബലിപീഠത്തിന്മേൽ ഒരുക്കിവച്ചതിനുശേഷം കൈകഴുകുന്നു. പിന്നീട് അപ്പവും വീഞ്ഞും കൈകളിലെടുത്തു കുരിശാകൃതിയിൽ ഉയർത്തിക്കൊണ്ട് "... മിശിഹാവഴി പിതാവായ ദൈവം ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ" എന്നു ചൊല്ലുന്നു. സമൂഹം അതേ വാക്കുകളിൽ സമർപ്പണത്തിൽ പങ്കെടുക്കുന്നു.

## 5. സ്തോത്രശുശ്രൂഷ

ബലിയുടെ പ്രധാനഭാഗത്തേയ്ക്കു കടക്കുകയാണ്, പിന്നെ. കാർമ്മികൻ പ്രാർത്ഥിച്ചതിനുശേഷം ജനങ്ങൾക്കു സമാധാനം ആശംസിക്കുന്നു.

ബലിവസ്തുക്കളെ ആശീർവ്വദിച്ചതിനുശേഷം വൈദികൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ജനങ്ങൾ ഇവിടം മുതൽ മുട്ടുകുത്തിനില്ക്കുന്നു. വൈദികൻ എഴുന്നേററു ദൈവമഹത്വത്തെ പ്രകീർത്തിക്കുന്ന പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് അദ്ദേഹം ജനങ്ങളുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു. "...ഈ ബലിയിൽ മിശിഹാ സംപ്രീതനാകട്ടെ" എന്ന് അവർ ഉത്തരം നല്കുന്നു.



## 6. കൂദാശകർമ്മം

ദൈവത്തോടുള്ള വലിയ കടപ്പാട് അനുസ്മരിച്ചു കാർമ്മികൻ പ്രാർത്ഥിക്കുന്നു. പിന്നീടു വരുന്നതു കൂദാശകർമ്മമാണ്. ഒടുവിലത്തെ അത്താഴത്തിൽ ഈശോ പറഞ്ഞ വാക്കുകൾ ഉപയോഗിച്ച് കാർമ്മികൻ കൂദാശകർമ്മം അനുഷ്ഠിക്കുന്നു: "ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ."



ഉടനെ അദ്ദേഹം ആചാരം ചെയ്ത തിരുശ്ശരീരത്തെ ആരാധിക്കുന്നു. തുടന്ന്, കാസയെടുത്ത്, "ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽ നിന്നു വാങ്ങി പാനം ചെയ്യുവിൻ" എന്നുച്ചരിച്ചതിനുശേഷം മുമ്പിലത്തെതുപോലെ തിരുരക്തത്തെ ആരാധിക്കുന്നു.

തുടന്ന്, മിശിഹായുടെ പീഡാനുഭവത്തേയും ഉത്ഥാനത്തേയും അനുസ്മരിക്കുന്ന പ്രാർത്ഥനയാണ്. പിന്നീട് കൈകൾ വിരിച്ചുപിടിച്ചുകൊണ്ട് കാർമ്മികൻ മാദ്ധ്യസ്ഥ്യ പ്രാർത്ഥന ചൊല്ലുന്നു. അതിലദ്ദേഹം സഭമുഴുവനും മനുഷ്യരേവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

## 7. പരിശുദ്ധാത്മാവിനോടുള്ള പ്രാത്ഥന

ബലിപീഠത്തിൽ കരിശു വരച്ചു പ്രാത്ഥിച്ചതിനു ശേഷം കൈകഠം കരിശാകൃതിയിൽ ദിവ്യരഹസ്യങ്ങളുടെ മുകളിൽ പിടിച്ചുകൊണ്ടു്, പരിശുദ്ധാത്മാവു് ആവസിച്ചു് ബലിവസ്തുക്കളെ പവിത്രീകരിക്കുന്നതിനുവേണ്ടി പ്രാത്ഥിക്കുന്നു.

പിന്നീടു് തിരുവോസ്തി കരങ്ങളിലെടുത്തു് അല്പം ഉയത്തിയതിനുശേഷം വിഭജനത്തിൻെറ പ്രാത്ഥന ചൊല്ലുന്നു. തിരുശ്ശരീരം കൊണ്ടു തിരുരക്തത്തേയും തിരുരക്തംകൊണ്ടു തിരുശ്ശരീരത്തേയും അടയാളപ്പെടുത്തുന്നു.

## 8. നാം ക്രിസ്തുവിനെ സ്വീകരിക്കുന്നു




കാമ്മികനും സമൂഹവും ചേന്നു പാപമോചന പ്രാത്ഥനയും 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ജപവും ചൊല്ലുന്നു. തുടന്നു വിശുദ്ധകുർബാനസ്വീകരണത്തിനു ജനങ്ങളെ ക്ഷണിക്കുന്നു. അനന്തരം, ഭക്ത്യാദരപൂവ്വം കാമ്മികൻ ആദ്യം തിരുശ്ശരീരവും, പിന്നീടു തിരുരക്തവും ഉഠക്കൊള്ളുന്നു. ജനങ്ങഠക്കു ദിവ്യകാരുണ്യം നല്കുന്നതിനുമുമ്പു് അവരെ ആശീവ്വദിക്കുന്നു.

## 9. സമാപനം

ദൈവത്തിന്റെ കാരുണ്യത്തിനുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം കൃതജ്ഞതാപ്രാർത്ഥന ചൊല്ലി സമൂഹത്തെ ആശീർവ്വദിക്കുന്നു. അതോടെ ബലി സമാപിക്കുന്നു.

## B. ലത്തീൻ ക്രമത്തിൽ

### 1. നാം ദൈവസന്നിധിയിൽ ഒന്നുചേരുന്നു



വിശുദ്ധ കർബാന വഴി ദൈവത്തിനുള്ള പരമോന്നതമായ ബലിസമർപ്പണത്തിൽ നാം പങ്കുചേരുകയാണ്. നമുക്കു സന്തോഷപൂർവ്വം ദൈവത്തെ വാഴ്ത്താം.

ഉണരുക. നിന്റെ ദൈവത്തിന്റെ മുമ്പിലണഞ്ഞ് അവിടുത്തേയ്ക്ക് ആനന്ദപൂർവ്വം സ്തുതിഗീതങ്ങൾ ആലപിക്കുക.

കർത്താവേ, കനിയണമേ.
ക്രിസ്തുവേ, കനിയണമേ.
കർത്താവേ, കനിയണമേ.

നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും. ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. അങ്ങയുടെ മഹാമഹിമയ്ക്കായി ഞങ്ങൾ നന്ദി പറയുന്നു. കർത്താവായ ദൈവമേ, സ്വർഗ്ഗീയ രാജാവേ, സർവ്വശക്തനും പിതാവുമായ ദൈവമേ, ഏകജാതനായ പുത്രാ, കർത്താവായ യേശുക്രിസ്തുവേ, ഞങ്ങളിൽ കനിയണമേ. എന്തെന്നാൽ അങ്ങുമാത്രം കർത്താവ്, അങ്ങുമാത്രം അത്യുന്നതൻ; പരിശുദ്ധാത്മാവിനോടുകൂടി പിതാവായ ദൈവത്തിന്റെ മഹത്വത്തിൽ. ആമ്മേൻ.

പുരോ : കർത്താവു നിങ്ങളോടുകൂടെ.

ജനം : അങ്ങയോടുകൂടെയും.

## 2. നാം ദൈവവചനം ശ്രവിക്കുന്നു

ലേഖനങ്ങളിലൂടെ സഭാപഠനങ്ങൾ നാം ഗ്രഹിക്കുന്നു. സുവിശേഷത്തിലെ ദൈവവചനം ശ്രവിക്കുന്നതിനായി നമുക്കു് ആദരപൂർവ്വം എഴുന്നേല്ക്കാം....

നമുക്കു നമ്മുടെ വിശ്വാസത്തെ ഏററുപറയാം.

ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവും സർവ്വശക്തനുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്നു പരിശു

ദ്ധാത്മാവിനാൽ മറിയത്തിൽ നിന്നു ശരീരം ധരിച്ചു മനുഷ്യനായിത്തീൎന്നെന്നും, പൊന്തിയൂസ് പീലാത്തോസിൻെറ ഭരണത്തിൻകീഴിൽ പീഡകൾ സഹിച്ചു ക്രൂശിതനായി മരിച്ച് അടക്കപ്പെട്ടുവെന്നും, പാതാളങ്ങളിലിറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു് മൂന്നാം ദിവസം ഉയിൎത്തുവെന്നും, സ്വൎഗ്ഗാരോഹണം ചെയ്തു പിതാവിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നുവെന്നും, അവിടന്നു ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാൻ വീണ്ടും വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും, വിശുദ്ധ കത്തോലിക്കസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിൻെറ ഉയിർപ്പിലും നിത്യജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

**പുരോ :** കൎത്താവു നിങ്ങളോടുകൂടെ.

**ജനം :** അങ്ങയോടുകൂടെയും.

### 3. നാം ദൈവത്തിനു കാഴ്ച സമൎപ്പിക്കുന്നു.



പുരോഹിതൻ ദൈവത്തിനു് അപ്പം കാഴ്ചവയ്ക്കുമ്പോൾ നാം നമ്മെത്തന്നെ സമൎപ്പിക്കുകയാണു്.

സൎവ്വശക്തനും പിതാവുമായ ദൈവമേ, ഞാനും ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരും

നിത്യജീവൻ പ്രാപിക്കേണ്ടതിനു് ഞാൻ കാഴ്ചവയ്ക്കുന്ന ഈ അപ്പം സ്വീകരിക്കണമേ.

പുരോഹിതൻ വീഞ്ഞും വെള്ളവും കാസയിൽ ഒഴിക്കുന്നു.

ദൈവമേ, വീഞ്ഞും വെള്ളവുമായി ഒന്നുചേരുന്നതുപോലെ ഞങ്ങൾ അങ്ങേ ദിവ്യസുതനും ഞങ്ങളുടെ കർത്താവുമായ ഈശോ മിശിഹായോടു് ഒന്നുചേരുന്നതിനു് അനുഗ്രഹിക്കണമേ.

പുരോഹിതൻ കൈകഴുകുമ്പോൾ: നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം. കർത്താവേ, എന്നെ നിർമ്മലനാക്കുകയും എന്നിൽ സംപ്രീതനാകുകയും ചെയ്യണമേ. സ്വർഗ്ഗത്തിലേയ്ക്കുള്ള നേരായ മാർഗ്ഗത്തിലൂടെ ചരിക്കുന്നതിനു് എന്നെ പഠിപ്പിക്കണമേ!

പുരോഹിതനോടൊത്തു നമുക്കു ദൈവത്തെ സ്തുതിക്കാം.

...............എന്നുമെന്നേയ്ക്കും - ആമ്മേൻ. 'കർത്താവു നിങ്ങളോടുകൂടെ.' 'അങ്ങയോടുകൂടെയും.' 'നിങ്ങളുടെ ഹൃദയങ്ങൾ ഉയർത്തുവിൻ.' 'ഞങ്ങൾ കർത്താവിലേയ്ക്കു് ഇതാ ഉയർത്തിയിരിക്കുന്നു.' 'നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.' 'അതു് ഉചിതവും ന്യായവുമത്രേ.'



പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങേ മഹിമയാൽ നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഹോസാനാ. കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാനാ.

## 4. ക്രിസ്തുവിനോടൊത്തു കാഴ്ച സമർപ്പിക്കുന്നു

ദിവ്യബലിയുടെ സുപ്രധാനഘട്ടം സമാഗതമായി. നമുക്കു മുട്ടിന്മേൽ നില്ക്കാം.

കാരുണ്യവാനായ പിതാവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി, ഞങ്ങൾ വിനയപൂർവ്വം അങ്ങയോടു് അപേക്ഷിക്കുന്നു. ഈ കാണിക്കകൾ, ഈ തിരുമുൽക്കാഴ്ചകൾ, വിശുദ്ധവും നിർമ്മലവുമായ ഈ ബലിവസ്തുക്കൾ സ്വീകരിച്ചു് അനുഗ്രഹിക്കണമേ. അങ്ങയുടെ വിശുദ്ധ കത്തോലിക്കാസഭയ്ക്കു വേണ്ടിയും ഇവ ഞങ്ങൾ അർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മഹത്തായ

ദിവ്യബലിയിൽ നാമും പങ്കുചേരുന്നു. തന്റെ അവസാനത്തെ അത്താഴത്തിൽവച്ച് ഈശോ ചെയ്തതും പറഞ്ഞതും പുരോഹിതൻ ആവർത്തിക്കുന്നു.

ക്രിസ്തുനാഥൻ പീഡാനുഭവത്തിന്റെ തലേനാൾ പാവനമായ തൃക്കൈകളിൽ അപ്പമെടുത്ത്, സ്വർഗ്ഗത്തിലേയ്ക്ക്, സർവ്വശക്തനായ ദൈവവും പിതാവുമായ അങ്ങയുടെ നേർക്ക് കണ്ണുകൾ ഉയർത്തി, കൃതജ്ഞതാസ്തോത്രം ചൊല്ലി, ഭാഗിച്ചു ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: എല്ലാവരും ഇതുവാങ്ങി ഭക്ഷിക്കുവിൻ; എന്തുകൊണ്ടെന്നാൽ, ഇതു് എന്റെ ശരീരമാകുന്നു. (പുരോഹിതൻ തിരുശ്ശരീരം ഉയർത്തുന്നു.)



അപ്രകാരം തന്നെ, അത്താഴം കഴിഞ്ഞു് അവിടുന്നു വിശിഷ്ടമായ ഈ പാനപാത്രം പാവനമായ തൃക്കൈകളിൽ എടുത്തു വീണ്ടും കൃതജ്ഞതാസ്തോത്രം ചൊല്ലി, ശിഷ്യന്മാർക്കുകൊടുത്തുകൊണ്ടു കല്പിച്ചരുളി: എല്ലാവരും വാങ്ങി ഇതിൽ നിന്നു കുടിക്കുവിൻ; എന്തുകൊണ്ടെന്നാൽ, ഇതു് എന്റെ രക്തം ആകുന്നു. നിങ്ങൾ ഇതു ചെയ്യുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ. (പുരോഹിതൻ തിരുരക്തം ഉയർത്തുന്നു.)



നമുക്കു് ഒന്നുചേർന്നു പ്രാർത്ഥിക്കാം. കർത്താവേ, ജീവൻെറ അപ്പവും രക്ഷയുടെ കാസയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ തിരുശ്ശരീരവും രക്തവും സ്വീകരിക്കുന്നഎല്ലാവരുംസ്വർഗ്ഗീയാനുഗ്രഹത്താൽ നിറയുന്നതിനു് ഇടയാക്കണമെ! ആമ്മേൻ.

## 5. പിതാവിൻെറ ദാനമായ ക്രിസ്തുവിനെ നാം സ്വീകരിക്കുന്നു

ദിവ്യകാരുണ്യ സ്വീകരണത്തിനു് ഒരുക്കമായി നമുക്കു പ്രാർത്ഥിക്കാം....

...........സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ......

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ. ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ. ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങൾക്കു സമാധാനം നല്കണമേ.

ദൈവമക്കളെല്ലാവരും ഐക്യത്തിലും സമാധാനത്തിലും വർത്തിക്കുവാൻവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ കർത്താവീശോമിശിഹായേ, അങ്ങേ സഭയ്ക്കു സമാധാനം നല്കണമേ! അങ്ങേ തിരുമനസ്സുപോലെ ഞങ്ങൾ ഐക്യപ്പെടുന്നതിനു ഞങ്ങളെ നയിക്കുകയും ശക്തരാക്കുകയും ചെയ്യണമേ!.........ആമ്മേൻ.

ഞങ്ങൾ സ്വീകരിക്കുവാൻപോകുന്ന അങ്ങേ തിരുശ്ശരീരവും രക്തവും ഞങ്ങളുടെ ശരീരത്തിനു് ആരോഗ്യവും ആത്മാവിനു രക്ഷയും നല്കട്ടെ...... ......

ആമ്മേൻ.



നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം നമുക്കു നിത്യജീവൻ നല്കട്ടെ. ആമ്മേൻ.

കർത്താവേ, അങ്ങു് എൻെറ വീട്ടിൽ എഴുന്നള്ളുവാൻ വേണ്ട യോഗ്യത എനിക്കില്ല. അങ്ങു് ഒന്നു കല്പിച്ചാൽ മതി, എൻെറ ആത്മാവു സുഖം പ്രാപിക്കും. (മൂന്നുപ്രാവശ്യം)

## C. മലങ്കരക്രമത്തിൽ

### അപ്പവും വീഞ്ഞും കാഴ്ചവയ്ക്കുന്നു



**കർമ്മി:** സ്വർഗ്ഗീയപിതാവിന്റെ ആദ്യജാതാ, ബലഹീനനും പാപിയുമായ എന്റെ കൈകളിൽ നിന്നു് ഈ ആദ്യഫലം സ്വീകരിക്കണമേ!

**ജനം:** (കാഴ്ചവയ്പു സമയത്തു ചൊല്ലുന്ന ഗീതം)

ഹാബേലിൻ കുഞ്ഞാടും
നോഹിന്നുടെ കാഴ്ചയതും
അബറാഹം തൻബലിയും
കൈക്കൊണ്ടകർത്താവേ,
നോമ്പും പ്രാർത്ഥനയും കൈക്കൊ-
ണ്ടൻപാലടിയാരെക്കാക്ക.

### വിശുദ്ധ കർബാന പരസ്യമായി ആരംഭിക്കുന്നു

**കർമ്മി:** നിന്നെ പ്രസവിച്ച മറിയാമും നിനക്കു മാമ്മോദീസ നല്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടു് അപേക്ഷിക്കും. ഞങ്ങളോടു കരുണചെയ്യണമേ.

**ജനം:** സ്വഭാവപ്രകാരം മരണമില്ലാത്തവനും കൃപാപൂർവ്വം മനുഷ്യവർഗ്ഗം മുഴുവന്റേയും ജീവനും രക്ഷയും വേണ്ടി, വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകാമറിയാമിൽനിന്നു് അവസ്ഥാഭേദംകൂടാതെ മനു

ഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെടുകയും ചെയ്ത രാജാവും സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രനും വചനവുമായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. സ്വമരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും, പരിശുദ്ധ ത്രിത്വത്തിൽ ഒരുവനും പിതാവിനോടും ജീവനുള്ള പരിശുദ്ധാത്മാവിനോടും ഒപ്പം വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ എല്ലാവരോടും കരുണചെയ്യണമേ!



DHARMARAM COLLEGE LIBRARY, BANGALORE. 34018



**ലേഖന വായന** (ദൈവം നമ്മോടു സംസാരിക്കുന്നു)

(ഞായറാഴ്ചയും പെരുന്നാളുകളിലും രണ്ടു ലേഖനങ്ങൾ വായിക്കാറുണ്ട്. ഓരോ ദിവസത്തേയ്ക്കുമുള്ള വായനകൾ വായനക്കുറിപ്പുനോക്കി വായിക്കേണ്ടതാണ്.)

**രണ്ടാം ലേഖനത്തിനുമുമ്പു ചൊല്ലാവുന്ന ഒരു ഗീതം**

പൗലോസ് ശ്ലീഹാ—ധന്യൻ
ചൊൽകേട്ടേ—നിതേ—വം
നിങ്ങളെ ഞങ്ങളറിയിച്ചതൊഴി—
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമദ്ദൂതൻ
താനേല്ലം സഭയിൽ—ശാ—പം.
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരന്നു.
ദൈവത്തിന്നുപദേശം തൊ—
ട്ടവസാനിപ്പിപ്പോൻ—ധ—ന്യൻ.

വായനക്കാരൻ: പൗലോസ് ശ്ലീഹാ........ ............ എഴുതിയ ലേഖനത്തിൽ നിന്നും, ആഹായ്, ബാറക് മോർ.

ജനം: ശ്ലീഹായുടെ ഉടയവനു സ്തുതി. തൻെറ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

(തുടൎന്ന വായനക്കാരൻ ലേഖനം വായിക്കുന്നു. അതിനു ശേഷം കമ്മി സുവിശേഷം വായിക്കുകയും പ്രസംഗം പറയുകയും ചെയ്യുന്നു.)

പാപപരിഹാരപ്രാർത്ഥനയുടെ ശേഷം കമ്മി പാപമോചന ശുശ്രൂഷ നടത്തുന്നു.

കമ്മി: ദൈവത്തിൽനിന്നു് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും രണ്ടുലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കട്ടെ.

ജനം: ആമ്മീൻ. കർത്താവ് അവിടത്തെ ശുശ്രൂഷ കൈക്കൊള്ളുകയും അവിടത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ. (ധൂപകലശം വാഴ്ത്തുന്നു.)



കമ്മി: പരിശുദ്ധനായ പിതാവ് പരിശുദ്ധൻ ആകുന്നു.

ജനം: ആമ്മീൻ.

കമ്മി: പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ ആകുന്നു.

ജനം: ആമ്മീൻ.

കമ്മി: ജീവപ്രദനായ പരിശുദ്ധറൂഹാ പരിശുദ്ധൻ ആകുന്നു.

ജനം: ആമ്മീൻ.

(തുടർന്ന് കമ്മി ജനങ്ങളുടെനേരെ തിരിഞ്ഞ് ധൂപം വീശുന്നു. കൈകൾ കഴുകുന്നു. വിശ്വാസപ്രമാണം ആരംഭിക്കുന്നു.)

## അപ്പവും വീഞ്ഞും വാഴ്ത്തി കർത്താവിൻെറ ശരീരരക്തങ്ങളാക്കി മാററുന്നു



**ജനം:** ആമ്മീൻ.



**ജനം:** ആമ്മീൻ.



## വിശുദ്ധകുർബാന സ്വീകരണത്തിനുള്ള ഒരുക്കം

**കമ്മി:** വിശുദ്ധവസ്തുക്കൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്കു നല്കപ്പെടുന്നു.

**ജനം:** പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല. ആമ്മീൻ.


കർമ്മി: ഒന്നായിരിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും എന്നേക്കും സ്തുതി.

ആമ്മീൻ.

ജനം: ഒന്നായിരിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി.

ആമ്മീൻ.





**കാസയും പീലാസയും പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നു**

കർമ്മി: വലിയവനും നമ്മുടെ രക്ഷകനും ദൈവവുമായ യേശുമിശിഹായുടെ അനുഗ്രഹങ്ങൾ ഈവിശുദ്ധ വസ്തുക്കൾ വഹിച്ചിരിക്കുന്നവരിലും നല്കുന്നവരിലും സ്വീകരിക്കുന്നവരിലും ഇവയ്ക്കായി പരിശ്രമിച്ച്, ഇവയിൽ സംബന്ധിക്കുന്നവരുമായ എല്ലാ

വരിലും ഉണ്ടായിരിക്കട്ടെ. വിശുദ്ധ ത്രിത്വത്തിന്റെ കരുണ നമ്മിലും അവരിലും രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടാകട്ടെ.

### യാത്രപറച്ചിൽ



**കർമ്മി:** .........ബലഹീനനും പാപിയുമായ ഈ ദാസൻ നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണ കൈക്കൊണ്ടു് സഹായിക്കപ്പെടട്ടെ. നിങ്ങൾ സന്തോഷിച്ചു്, ആനന്ദിച്ചു്, സമാധാനത്തോടുകൂടി പോകുവിൻ. എന്നേക്കും എനിക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്യുവിൻ.

**ജനം:** ആമ്മീൻ. കർത്താവു് അവിടത്തെ കർബാന സ്വീകരിക്കുകയും അവിടത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.



# 25 "ഞാൻ വീണ്ടും വരും"

"അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ കാണപ്പെടും. ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിക്കും. മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ വാനമേഘങ്ങളിൽ വരുന്നത് അവർ കാണും. അവൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവരുടെ കാഹളം ഉച്ചത്തിൽ മുഴങ്ങും. അവർ അവന്റെ തിരഞ്ഞെടുക്ക



പ്പെട്ടവരെ ആകാശത്തിൻെറ ഒരററംമുതൽ മറേറ അററം വരെ നാലുദിക്കുകളിലും നിന്നു കൂട്ടിച്ചേർക്കുകയും ചെയ്യും."

(മത്തായി 24 : 30 , 31)

ലോകത്തിൻെറ അവസാനത്തിൽ വലിയ ചില അടയാളങ്ങൾ കാണപ്പെടുമെന്ന് ഈശോ പറഞ്ഞിട്ടുണ്ട്. അവസാനദിവസം ആകാശത്തിൽ കുരിശു പ്രത്യക്ഷപ്പെടും. അതു് അവിടുത്തെ രണ്ടാമത്തെ വരവിൻെറ അടയാളമാണ്.

ഈശോമിശിഹാ വലിയ മഹത്വത്തോടെ സ്വർഗ്ഗത്തിൽ നിന്നു വരും. ആദ്യത്തെ പ്രാവശ്യം ഈശോ രക്ഷകനായിട്ടാണു വന്നതു്. രണ്ടാമത്തെ തവണയാകട്ടെ, രാജാവും വിധികർത്താവുമായിട്ടായിരിക്കും അവിടുന്നു വരുക. ഓരോരുത്തർക്കും അർഹതയനുസരിച്ച് അവിടുന്നു പ്രതിഫലം നല്കും.

ഈശോയുടെ സ്വരം കേൾക്കുമ്പോൾ കുഴിമാടങ്ങൾ തുറക്കപ്പെട്ടു് മരിച്ചവരെല്ലാം ഉയിർത്തെഴുന്നേല്ക്കും. സ്വർഗ്ഗത്തിലും ശുദ്ധീകരസ്ഥലത്തും നരകത്തിലുമുള്ള ആത്മാക്കൾ താന്താങ്ങളുടെ ശരീരങ്ങളോടു യോജിക്കും. ഇതിനാണു് മരിച്ചവരുടെ ഉയിർപ്പു് എന്നു പറയുന്നതു്.

ഈ ഉയിപ്പിനുശേഷമാണു് അന്തിമവിധി. ദൈവദൂതന്മാർ നല്ലവരെ ദുഷ്ടരിൽ നിന്നു വേർതിരിക്കും. നല്ലവരെ ദൈവത്തിൻെറ വലത്തുവശത്തും പാപികളെ ഇടത്തുവശത്തും നിറുത്തും.

നല്ലവരോടു് ഈശോ ഇങ്ങനെ അരുൾചെയ്യും: "എൻെറ പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം കൈവശമാക്കിക്കൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ, എൻെറ ഏററം ചെറിയ സഹോദരരിൽ ഒരുവനു നിങ്ങൾ നന്മചെയ്യപ്പോൾ എനിക്കുതന്നെ ചെയ്യുവെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

അങ്ങനെ, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട മക്കൾ ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്കു നയിക്കപ്പെടും. അവർ ദൈവത്തോടൊത്തു നിത്യമായി ആനന്ദിക്കും.

പാപികളോടു് ഈശോ ഇങ്ങനെ അരുൾചെയ്യും: "ശപിക്കപ്പെട്ടവരേ, എന്നിൽനിന്നകന്നു് പിശാചിനും അവൻെറ ദൂതന്മാക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ, ഈ

ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണു ചെയ്യാതിരുന്നതു് എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.” അപ്പോൾ ദുഷ്ടന്മാർ ആത്മശരീരങ്ങളോടുകൂടി നരകത്തിലേയ്ക്കു് അയയ്ക്കപ്പെടും. അവർ നിത്യമായ ശിക്ഷ അനുഭവിക്കും.

## ഓർമ്മിക്കാൻ

### ഈശോയുടെ വാക്കുകൾ:


“ആകയാൽ, നിങ്ങളുടെ യജമാനൻ ഏതു നാഴികയിൽ വരുന്നു എന്നു് അറിയാത്തതുകൊണ്ടു്, നിങ്ങൾ ഉണർന്നിരിക്കുവിൻ.” (മത്തായി 24 : 42)

1. ലോകാവസാനത്തിൽ എന്തു സംഭവിക്കും ?
2. ഈ ലോകത്തിൽവച്ചു ദൈവത്തെ സ്നേഹിച്ചവർക്കും അവിടുത്തെ സേവിച്ചവർക്കും എന്തു സംഭവിക്കും ?
3. ഈ ലോകത്തിൽ ദൈവത്തെ സ്നേഹിക്കാത്തവർക്കും അവിടുത്തെ സേവിക്കാത്തവർക്കും എന്തു സംഭവിക്കും?

## പ്രവർത്തിക്കാൻ

ഓരോദിവസവും ഇതു് എന്റെ അവസാനദിവസമാണു് എന്നോർത്തു ഞാൻ ജീവിക്കും. ഈശോയ്ക്കു ചെയ്യുന്നു എന്ന വിചാരത്തോടെ ദാഹിക്കുന്ന ഒരാൾക്കു ഞാൻ കുടിക്കാൻ കൊടുക്കും.

## 26



# നാഥന്റെ സമ്മാനം

"പിതാവേ, ലോകസൃഷ്ടിക്കുമുമ്പേ അങ്ങ് എന്നെ സ്നേഹിച്ചിരുന്നു. നീ എനിക്കു മഹത്വം തന്നു. ആ മഹത്വം കാണുന്നതിനു ഞാനിരിക്കുന്നിടത്തു

നീ എന്നെ ഏല്പിച്ചവരും ഇരിക്കുന്നതിനു ഞാനാഗ്രഹിക്കുന്നു. നീതിമാനായ എൻെറ പിതാവേ, ലോകം അങ്ങെ അറിഞ്ഞിട്ടില്ല; ഞാനോ അങ്ങെ അറിഞ്ഞിരിക്കുന്നു. അങ്ങു് എന്നെ അയച്ചിരിക്കുന്നു എന്നു് ഇവരും അറിഞ്ഞിരിക്കുന്നു. അങ്ങേയ്ക്കു് എന്നിലുണ്ടായ സ്നേഹം അവരിൽ ഉണ്ടാകട്ടെ. ഞാൻ അങ്ങയോടുകൂടെ ആയിരിക്കുന്നതിനുവേണ്ടി അങ്ങേനാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു; അറിയിക്കുകയും ചെയ്യും."

(യോഹ: 17 : 24 - 26)

ഈശോ ഒരിക്കൽ ഒരുകഥ പറഞ്ഞു: ഒരു മനുഷ്യൻ തൻെറ മൂന്നു വേലക്കാരെ വിളിച്ചു് അവക്കു കുറെ പണം കൊടുത്തു. ഒന്നാമത്തെ വേലക്കാരനു് അഞ്ചുനാണയങ്ങളാണു് കൊടുത്തതു്. രണ്ടാമനു് രണ്ടും മൂന്നാമനു് ഒന്നും നല്കി. അതിനുശേഷം യജമാനൻ ഒരു യാത്രയ്ക്കു പോയി.

അഞ്ചുനാണയം കിട്ടിയ വേലക്കാരൻ അതു ശരിക്കുപയോഗിച്ചു. വേറെ അഞ്ചെണ്ണംകൂടി അവൻ സമ്പാദിച്ചു. രണ്ടുകിട്ടിയ വേലക്കാരൻ വേറേ രണ്ടെണ്ണംകൂടി നേടി. ഒരുനാണയം കിട്ടിയവൻ അതു് ഒളിച്ചുവച്ചു. അവൻ അതു് ഉപയോഗപ്പെടുത്തിയില്ല.

യജമാനൻ തിരിച്ചെത്തിയപ്പോൾ നാണയങ്ങളെപ്പററി വേലക്കാരോടു് ചോദിച്ചു. ആദ്യത്തെ രണ്ടു വേലക്കാരോടു് അദ്ദേഹത്തിനു പ്രീതിതോന്നി. അദ്ദേഹം പറഞ്ഞു: **നല്ലവരും വിശ്വസ്തരുമായ ഭൃത്യന്മാരെ, നിങ്ങൾ നന്നായി പ്രവർത്തിച്ചു... നിങ്ങളുടെ യജമാനൻെറ സന്തോഷത്തിലേയ്ക്കു പ്രവേശിക്കുവിൻ.** കൊടുത്ത നാണയം ഉപയോഗിക്കാതിരുന്ന ഭൃത്യൻെറനേക്കു യജമാനനു കോപംതോന്നി. അദ്ദേഹം അവനെ ശിക്ഷിച്ചു.



ദൈവം നമുക്കു തന്നിരി
ക്കുന്ന ദാനങ്ങൾ ശരിക്കുപയോ
ഗിക്കണമെന്നാണ് ഈ കഥ
യിലൂടെ ഈശോ നമ്മെ പഠി
പ്പിക്കുന്നത്. ദൈവത്തെ അറി
യുവാനും സ്നേഹിക്കുവാനും സേ
വിക്കുവാനും നാം നമ്മുടെ ആത്മ
ശരീരങ്ങളെ ഉപയോഗിക്കുമെ
ങ്കിൽ, ദൈവത്തിന്റെ ദാന
ങ്ങൾ നാം ശരിക്കുപയോഗിക്കു
ന്നുവെന്നു പറയാം. ജീവിത
ത്തിന്റെ അവസാനത്തിൽ
ഈശോ നാം ഓരോരുത്തരോടും
പറയും: "നല്ലവനും വിശ്വസ്തനു
മായ ഭൃത്യാ, നീ നന്നായി പ്രവ
ർത്തിച്ചു... നിന്റെ യജമാനന്റെ
സന്തോഷത്തിലേയ്ക്കു പ്രവേശി
യ്ക്കുക."

## എന്നും ഓർമ്മിക്കാൻ (ഉത്തരം പറയാമോ?)

1. ഈശോമിശിഹാ ലോകത്തെ രക്ഷിച്ചതെങ്ങനെ?
2. കുരിശിലെ ബലിയിൽ നാം എങ്ങനെ പങ്കുചേരുന്നു?
3. ഈശോയുടെ പുനരുത്ഥാനത്തിൽനിന്നു നാം പഠിക്കുന്നതെന്തു്?
4. തൻെറ സഭയിലേയ്ക്കു് ആരെ അയയ്ക്കുമെന്നാണു് ഈശോ വാഗ്ദാനം ചെയ്തതു്?
5. പരിശുദ്ധാത്മാവു് ആരാണു്?
6. ലോകാവസാനത്തിൽ എന്തു സംഭവിക്കും?
7. ഈ ലോകത്തിൽ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുവർക്കു് എന്തു സംഭവിക്കും?
8. ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യാത്തവർക്കു് എന്തു സംഭവിക്കും?
9. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം അറിയാമോ?

## പ്രവർത്തിക്കാൻ

എല്ലാ ഞായറാഴ്ചകളിലും, കഴിവുള്ളിടത്തോളം മററു ദിവസങ്ങളിലും, വിശുദ്ധ കുർബാനയിൽ ഞാൻ സംബന്ധിക്കും. പ്രഭാതത്തിലും സന്ധ്യയ്ക്കും പതിവായി പ്രാർത്ഥനകൾ ഭക്തിപൂർവ്വം ചൊല്ലും. ക്രൂടെക്കുടെ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കും. സന്തോഷത്തോടെ അനുസരിക്കും.

## ഏതാനം നമസ്കാരങ്ങൾ

### തിരുസ്സഭയുടെ കല്പനകൾ അഞ്ചു്

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം; ആ ദിവസങ്ങളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യുകയുമരുതു്.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്തു് പരിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ചെയ്യണം.
3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.
4. വിലക്കപ്പെട്ട കാലത്തു് വിവാഹം ആഘോഷിക്കുകയോ തിരുസ്സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുതു്.
5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മററു് ഓഹരികളും കൊടുക്കണം.

### പരിശുദ്ധരാജ്ഞി ("രാജകന്യകേ")

പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിൻെറ ഈ താഴ്വരയിൽനിന്നു് വിങ്ങിക്കരഞ്ഞു് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു.

ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ, അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ! ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിൻെറ അനുഗ്രഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ! കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

## കൂദാശകൾ ഏഴ്

1. മാമ്മോദീസ (ജ്ഞാനസ്നാനം)
2. സ്ഥൈര്യലേപനം
3. കർബാന (ദിവ്യകാരുണ്യം)
4. കമ്പസാരം
5. രോഗിലേപനം
6. തിരുപ്പട്ടം
7. വിവാഹം

## സംക്ഷിപ്ത വിശ്വാസപ്രകരണം

എൻെറ ദൈവമേ, അങ്ങു പരമസത്യമാകയാൽ അങ്ങിൽ ഞാൻ വിശ്വസിക്കുന്നു എൻെറ വിശ്വാസത്തെ വർദ്ധിപ്പിക്കണമേ!

## സംക്ഷിപ്ത പ്രത്യാശാ (ശരണ) പ്രകരണം

എൻെറ ദൈവമേ, അങ്ങു സർവ്വശക്തനും കാരുണ്യവാനും വിശ്വസ്തനും ആകയാൽ അങ്ങിൽ ഞാൻ പ്രത്യാശിക്കുന്നു. എൻെറ പ്രത്യാശയെ വർദ്ധിപ്പിക്കണമേ!

## സംക്ഷിപ്ത സ്നേഹപ്രകരണം

എൻെറ ദൈവമേ, അങ്ങ് അനന്തനന്മയാകയാൽ അങ്ങയെ ഞാൻ സ്നേഹിക്കുന്നു; എൻെറ സ്നേഹത്തെ വർദ്ധിപ്പിക്കണമേ!

This is to certify that

---

has faithfully completed the Third Year of Religion

Signed ______________________________

TEACHER

DHARMARAM LIBRARY
BANGALORE-560 029

പിതാവിൻ പക്കലേയ്ക്ക് – 3



P.O.C. PUBLICATIONS _ 7

H 48
K13

പിതാവിൻ പക്കലേക്ക് - 3



# നമ്മുടെ രക്ഷകനായ ഈശോ

Indic Digital Archive Foundation
gpura.org